# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.-പി4/1109/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 21/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.-പി4/1109/2023 തീയ്യതി: 21/12/2023

## വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 27-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അഖില മോഹൻ - കെ.എ.എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സക്കീർ ഹുസൈൻ പി, ഓഡിറ്റ് ഓഫീസർ

ശ്രീ ബിന്ദു.കെ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അലി അക്ബർ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അപർണ ശശിധരൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ സതീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ജയസുധ കെ.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയസുധ കെ.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ്കുമാർ വി | അസി.സെക്രട്ടറി | 01-04-2022 | 03-11-2022 |
| ശ്രീ ഡോറിസ് എൽ | അസി.സെക്രട്ടറി | 03-11-2022 | 31-03-2023 |
| ശ്രീ ബിജു വി.ജി | അസി.എഞ്ചിനിയർ | 01-04-2022 | 29-07-2022 |
| ശ്രീ വിപിൻ | അസി.എഞ്ചിനിയർ | 29-07-2022 | 30-11-2022 |
| ശ്രീമതി വിനീത സി.ടി | അസി.എഞ്ചിനിയർ | 30-11-2022 | 31-03-2023 |
| ഡോ. അസൈനാർ | വെറ്ററിനറി സർജൻ | 01-04-2022 | 15-10-2022 |
| ഡോ. സിമിത | വെറ്ററിനറി സർജൻ | 15-10-2022 | 31-03-2023 |
| ശ്രീമതി ഇന്ദു ഏലിയാസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 17-12-2022 |
| ശ്രീമതി സുനിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-12-2022 | 31-03-2023 |
| ഡോ. ദാഹർ മുഹമ്മദ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി ചിത്ര എ.ആർ | കൃഷി ഓഫീസർ | 01-04-2022 | 30-07-2022 |
| ശ്രീമതി മറിയുമ്മ എം.കെ | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീ ലെനിൻ ടി.ഇ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ ദിനൻ എ.ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീജ | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. അൽസ എ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു ബെന്നി | ഹെഡ്മിസ്ട്രസ് | 01-04-2022 | 01-06-2022 |
| ശ്രീമതി വസന്ത കെ | ഹെഡ്മിസ്ട്രസ് | 01-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും ,പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെക്ക് നിക്ഷേപിച്ച്-ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-3 |
| 5 | നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | Excess Of Income Over Expenditure - കൃത്യമായ തുകയല്ല. | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-12 |
| 14 | മറ്റ് അപാകതകൾ | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം ( ACR പ്രകാരം) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-11 |
| 25 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. | 1-12 |
| 26 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-13 |
| 27 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13-1 |
| 28 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13-2 |
| 29 | റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13-3 |
| 30 | റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-14 |
| 31 | വസ്തുനികുതി പിരിവിലെ അപാകതകൾ | 1-15 |
| 32 | വസ്തുനികുതി കുറച്ച് നിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 1-15-1 |
| 33 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം | 1-15-2 |

| | | |
|---|---|---|
| 34 | അനധികൃത നിർമ്മാണങ്ങൾക്ക് UA നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്നില്ല. | 1-15-3 |
| 35 | ടാക്സ് ഓഡിറ്റ് | 1-16 |
| 36 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം | 1-16-1 |
| 37 | വസ്തു നികുതി പിരിവ് | 1-16-2 |
| 38 | സേവന ഉപനികുതി | 1-16-3 |
| 39 | തൊഴിൽ നികുതി | 1-16-4 |
| 40 | വിനോദ നികുതി | 1-16-5 |
| 41 | നികുതിയേതര വരവുകൾ | 1-16-6 |
| 42 | മരാമത്ത് പ്രവൃത്തികളുടെ ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. | 1-17 |
| 43 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലെ തുക തിരിച്ചടച്ചിട്ടില്ല. | 1-18 |
| 44 | മംഗലംകുന്ന് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻനീട്ടൽ - വിശദവിവരങ്ങൾ ലഭ്യമല്ല. | 1-19 |
| 45 | കുഴിമൂല പമ്പ് ഹൗസ് ,പൈപ്പ് സ്ഥാപിക്കൽ -പദ്ധതി പ്രവർത്തനക്ഷമമായില്ല. | 1-20 |
| 46 | കുടിവെള്ളപദ്ധതികളുടെ തുടർ പ്രവൃത്തികൾ–വിശദവിവരങ്ങളില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. | 1-21 |
| 47 | വടക്കനാട് വനിതാ തൊഴിൽ പരിശീലനകേന്ദ്രം -പണിതീർത്ത കെട്ടിടം ഉപയോഗക്ഷമമാക്കിയില്ല. | 1-22 |
| 48 | യുവജന ക്ലബ്ബുകളുടെ നിർമ്മാണം -പൂർത്തീകരിച്ച പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ചു. | 1-23 |
| 49 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. | 1-24 |
| 50 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി -മെറ്റീരിയൽ വാങ്ങിയതിൽ അപാകതകൾ | 1-25 |
| 51 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി -ബില്ലുകളിൽ നിന്നും ആദായനികുതി ഈടാക്കിയില്ല | 1-26 |
| 52 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതി -TDS ഈടാക്കി അടച്ചില്ല. | 1-27 |
| 53 | പച്ചത്തുരുത്ത് വനവൽക്കരണ പദ്ധതിയിൽ നട്ട മരതൈകൾ നഷ്ടപ്പെട്ടു. | 1-28 |
| 54 | കുഴൽകിണർനിർമ്മാണത്തിന് ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ച വിവരങ്ങൾ ലഭ്യമല്ല. | 1-29 |
| 55 | മാലിന്യശേഖരണവും നിർമ്മാർജ്ജനവും- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ | 1-30 |
| 56 | കൺമണി/കിനാവ് പദ്ധതി - 1 കോടി 12 ലക്ഷം ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചിട്ടില്ല – പദ്ധതി പണം പാഴായി. | 1-31 |
| 57 | ഫിറ്റനസ്സ് ഫസ്റ്റ് പ്രോജക്ട് - മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-32 |
| 58 | ചാണകം ഉണക്ക് യന്ത്രം-നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു-30 ലക്ഷം രൂപ പാഴായി. | 1-33 |
| 59 | വെറ്ററിനറി ലാബിലേക്ക് ഹ്യൂമൺ റീഏജന്റ് വാങ്ങി - ഉപയോഗമില്ലാതെ കാലാവധി കഴിഞ്ഞു - 6 ലക്ഷം രൂപ പാഴായി. | 1-34 |
| 60 | ഐ.സി.ഡി.എസ് സൂപ്പർവൈസർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു | 1-35 |
| 61 | നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം - ഒരു പാഠ പുസ്തകം | 1-36 |
| 62 | ഭവന പുനരുദ്ധാരണം - പൂർത്തിയാക്കിയില്ല | 1-37 |
| 63 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജസ് - സംയുക്ത പരിശോധന നടത്തിയില്ല. | 1-38 |
| 64 | റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് - പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കി | 1-39 |
| 65 | ലൈഫ് ഭവന നിർമാണം - പൂർത്തിയാക്കിയില്ല | 1-40 |
| 66 | മരാമത്ത് പ്രവൃത്തികളിലെ ഗ്യാരണ്ടികാലയളവിലെ അറ്റകുറ്റപണികൾ കരാറുകാർ ചെയ്യുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. | 1-41 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരങ്ങൾ. | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstracts Of Annual Financial Statements | |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 1/1 തിയ്യതി 08.05.2023 തീരുമാനം പ്രകാരം തയ്യാറാക്കി , 26.07.2023 തീയ്യതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കൽപ്പറ്റ**

**തീയതി:21.12.2023** **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ(എം.എസ്).നം.83/11/എൽ.എസ്.ജി.ഡി /28.03.2011), ചട്ടം 62-2(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ് ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ പത്രികകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023)

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും ,പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 1,13,41,253.00 രൂപയാണ്. എന്നാൽ, ഇതേ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 4,30,23,410.00രൂപയാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻേഡേർഡ് പ്രകാരം മേൽ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ക്യാഷ് ഫ്ലോ പത്രിക മേൽ പ്രകാരം പൊരുത്തപ്പെടാത്തതിനാൽ, പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല (ഓഡിറ്റ്

എൻക്വയറി നം.29/22-23/29.11.2023).

## 1-1-3 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ഗ്രാമ പഞ്ചായത്ത് ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചു. നാളിതു വരെ തുക ക്രഡിറ്റ് ആയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് | ചെക്ക് നം./തീയതി | തുക |
|---|---|---|---|---|
| 1 | കേരള ബാങ്ക്, കല്ലൂർ | 40179100150357 | 2483677/07.09.2020 | 13,500.00 |
| | | | 1379556/27.08.2020 | 10,000.00 |

ഈ ചെക്കുകൾ പ്രകാരമുള്ള തുക ക്രഡിറ്റ് ആയിട്ടുണ്ട് എന്ന് അക്കൗണ്ടന്റെ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഈ ചെക്കുകൾ ഇപ്പോഴും റീകൺസിലിയേഷൻ പത്രികയിൽ അൺക്യാഷ്ഡ് ആയിട്ടാണ് ഉൾപ്പെടുന്നത് എന്ന് കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.29/22-23/29.11.2023) നൽകിയ മറുപടിയിൽ മേൽ പട്ടികയിലെ 13500/- രൂപ 27.08.2020- നം 10000/- രൂപ 18.09.2020 -നം ബാങ്കിൽ ക്രഡിറ്റ് ആയിട്ടുണ്ട് എന്ന് രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്. അതായത്, 2020 വർഷം ബാങ്കിൽ ക്രഡിറ്റ് ആയതിനു ശേഷവും നിലവിലും പ്രസ്തുത തുക റീകൺസിലിയേഷനിൽ കാണിക്കുന്നത് ശരിയല്ല. ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-4 നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

ഗ്രാമ പഞ്ചായത്ത് ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, കല്ലൂർ | 40179100150357 | 017176/28.01.2021 | 71,000.00 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.29/22-23/29.11.2023) നൽകിയ മറുപടിയിൽ മേൽ പട്ടികയിലെ 71000/- രൂപ 28.01.2021- നു പണമായി മാറിയെടുത്തിട്ടുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത്, 2021 വർഷം പണമായി മാറിയെടുത്തതിനു ശേഷവും നിലവിലും പ്രസ്തുത തുക റീകൺസിലിയേഷനിൽ കാണിക്കുന്നത് ശരിയല്ല. ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-5 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്കിലെ തുക(₹) | രജിസ്റ്റർ പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിച്ചത് | 44,000.00 | 2,46,000.00 |
| 2 | MGNREGA അഡ്വാൻസ് തിരികെ ലഭിച്ചത് | 23,46,061.00 | 26,63,075.00 |
| 3 | വസ്തു നികുതി കുടിശ്ശിക ഡിമാന്റ് | 1,29,142.00 | 2,49,580.00 |

| | | | |
|---|---|---|---|
| 4 | വസ്തു നികുതി കറന്റ് വരവ് | 43,30,950.00 | 43,62,729.00 |
| 5 | തൊഴിൽ നികുതി ജീവനക്കാർ വരവ് | 14,84,463.00 | 15,24,713.00 |
| 6 | FTEOS ലൈസൻസ് മുൻകൂർ വരവ് | 56,450.00 | 57,850.00 |
| 7 | KURDFC ലോൺ 01.04.22- ന് തിരികെ അടവാക്കാനുള്ള തുക | 1,92,04,034.00 | 2,24,79,821.00 |
| 8 | KURDFC ലോൺ 31.03.23- ന് തിരികെ അടവാക്കാനുള്ള തുക | 6,21,18,742.00 | 6,20,49,563.00 |

29/22-23/29.11.2023 ഓഡിറ്റ് എൻക്വയറിക്ക് പരിശോധിച്ച് വ്യക്തത വരുത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-1-6 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ |
| 2 | ആസ്തി രജിസ്റ്റർ |
| 3 | ടെണ്ടർ ഫോറം സെയിൽസ് രജിസ്റ്റർ |
| 4 | കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ രജിസ്റ്റർ |

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

## 1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

## 1-1-8 Excess Of Income Over Expenditure - കൃത്യമായ തുകയല്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|
| 1 | 2022-23 വർഷത്തെ I & E Statement പ്രകാരം Gross Surplus | (-)59,88,999.00 |
| 2 | 2021-22 വർഷത്തെ Balance Sheet Statement പ്രകാരം Excess Of Income Over Expenditure | 3,24,79,228.00 |
| 3 | 1 + 2 | 2,64,90,229.00 |

| | | |
|---|---|---|
| 4 | 2022-23 വർഷത്തെ Balance Sheet Statement പ്രകാരം Excess Of Income Over Expenditure | 26,645,557.00 |
| 5 | വ്യത്യസം (4 - 3) | 1,55,328.00 |

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

### 1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള നിക്ഷേപ തുകയെക്കാൾ അധികമാണ് ബാധ്യതകൾ. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ആവശ്യത്തിന് വേണ്ടി ലഭിച്ച ആകെ തുകയും (₹ 4,39,54,609.00), ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആകെ തുകയും (₹ 12,71,644.00), ബി-9 ഷെഡ്യൂൾ പ്രകാരമുള്ള മറ്റു ബാധ്യതകൾ പ്രകാരമുള്ള തുകയും (₹ 25,14,091.00) അടക്കം ആകെ ബാധ്യത തുക ₹4,77,40,344.00 ആണ്. ഗ്രാമ പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള (ബി-17 ഷെഡ്യൂൾ) ആകെ തുക ₹ 4,05,45,668.00 ആണ് വരുന്നത്.

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

### 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. ഭൂമി ആസ്തി ഉൾപ്പെടെയുള്ള സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും, ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

### 1-1-11 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജലനിധി, MGNREGA തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

### 1-1-12 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്താതെ വാർഷിക കണക്കുകളിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ഓഡിറ്റ് എൻക്വയറി നം.29/22-23/29.11.2023).

### 1-1-13 മറ്റ് അപാകതകൾ

1) 2021-22 വർഷം RP40(b) യിൽ Nationalised Bank Of Own Revenue Fund എന്ന ഹെഡ്ഡിൽ ₹ 11,000.00 നീക്കിബാക്കി ഉണ്ടായിരുന്നു. എന്നാൽ, 2022-23 വർഷം മുൻ ബാക്കിയിൽ മേൽ തുക ചേർത്തിട്ടില്ല.

2) നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാ:- അസി. എഞ്ചിനീയർ, ICDS സൂപ്പർവൈസർ

## 1-2 ബജറ്റ്

നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് 30-03-2022 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബഡ്ജറ്റ് 21.02.2023 ലെ 7(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ഇപ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം തുക | പുതുക്കിയ ബജറ്റ് പ്രകാരം തുക |
|---|---|---|
| മുൻബാക്കി | 1339259/- | 2565213/- |
| വരവ് | 751963000/- | 637411400/- |
| ആകെ | 753302259/- | 639976613/- |
| ചെലവ് | 744659800 /- | 638357474/- |
| നീക്കിബാക്കി | 8642459/- | 1619139/- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29204415 |
| വരവ് | 133889546 |
| ആകെ | 163093961 |
| ചെലവ് | 122548293 |
| നീക്കിയിരിപ്പ് | 40545668 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 47995087 | 47995087 | 39377981 | 8617106 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2167540 | 2167540 | 2004798 | 162742 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 23907115 | 23907115 | 23592852 | 314263 |
| മെയിന്റനൻസ്, റോഡ് | 0 | 24654000 | 24654000 | 4288813 | 20365187 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10274000 | 10274000 | 5684109 | 4589891 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8997763 | 8997763 | 3983873 | 5013890 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് TIED | 0 | 15885078 | 15885078 | 4812387 | 11072691 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 301 | 361117865 | 166 | 146578707 | 19 | 116 | 55.14 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 9902500 | 9492793 | 95.86% |
| വെറ്ററിനറി സർജ്ജൻ | 15 | 15 | 14199656 | 11162112 | 78.6% |
| മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 23 | 23 | 11462538 | 10781041 | 94.05% |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 685000 | 603900 | 88.16 % |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 6 | 6 | 1590576 | 1589220 | 99.91 % |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 100000 | 52000 | 52 % |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 9 | 206441844 | 54721620 | 26.5% |
| ഐ. സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 12142157 | 11529724 | 94.96 % |
| സെക്രട്ടറി | 40 | 32 | 28026018 | 21409342 | 76.39 % |
| ഹെഡ്മാസ്റ്റർ | 10 | 9 | 6372129 | 5436394 | 85.32 % |
| അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 53 | 67158411 | 17112957 | 25.48 % |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 3037036 | 2687604 | 88.49 % |
| | 301 | 185 | 361117865 | 146578707 | 40.59% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2255 | 1936546 | 1938801 | 1933652 | 5149 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | Nil | 62350544 | 62350544 | 62350544 | 0 |
| മെറ്റീരിയൽസ് | Nil | 23030907 | 23030907 | 23030907 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | NIL | |
| കർഷകതൊഴിലാളി പെൻഷൻ | 3003400 | 235 |

| | | |
|---|---|---|
| വിധവാപെൻഷൻ | 14658800 | 1278 |
| വാർദ്ധക്യകാലപെൻഷൻ | 22204200 | 1972 |
| ഭിന്ന ശേഷി പെൻഷൻ | 3562000 | 268 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 900/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂമിശാസ്ത്രപരമായും സാസ്കാരികമായും വളരെ പ്രത്യേകതകൾ ഉള്ളതാണ്. 242.97 ച.കി.മീ വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിന്റെ പകുതിയിലധികം വനഭൂമിയാണ്. ജനസംഖ്യയുടെ 40% ഗോത്രവിഭാഗമാണ്. 200 ൽ കൂടുതൽ ഗോത്ര സങ്കേതങ്ങൾ പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിന്റെ വിവിധമേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

- കണക്കുസൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ ഏതാനും പോരായ്മകൾ നിലനില്ക്കുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരുമാനം പിരിച്ചെടുക്കുന്നതിലും നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും ശ്രദ്ധ പുലർത്തിയിട്ടുണ്ട്.
- പ്രതിമാസം ഓഫീസ് മീറ്റിംഗ് ചേരുകയും ജീവനക്കാരുടെ ചുമതലകൾ അവലോകനം നടത്തി ഏൽപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.
- ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമ പഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് പ്രകാരം നിർണ്ണയിച്ച് കൊടുത്തിട്ടുണ്ടെങ്കിലും ഇത് പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.അതുകൊണ്ട് തന്നെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പഞ്ചായത്ത് പരിധിയിൽ നടക്കുന്നുണ്ട്.
- നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
- ആസ്തിരജിസ്റ്റർ അപാകതകൾ പരിഹരിച്ച് സൂക്ഷിച്ചിട്ടില്ല.
- ഖരമാലിന്യ പരിപാലനം കുറ്റമറ്റ രീതിയിൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട് എങ്കിലും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.ഹരിതകർമ്മസേന 100 % യൂസർഫീ ശേഖരിക്കുന്നതിലും അംഗങ്ങൾക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിലും വിജയിച്ചിട്ടില്ല.
- സൗകര്യങ്ങൾ ഉള്ള MCF നിർമ്മിച്ചിട്ടില്ല
- പൊതുമരാമത്ത് മേഖലകളിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.വനത്തിന്റെ ഉൾഭാഗത്ത് നിന്നും പുറംലോകത്തേക്കുള്ള സഞ്ചാര പാതകൾക്കും മറ്റ് പശ്ചാത്തലസൗകര്യങ്ങൾക്കും വകയിരുത്തുന്ന ഫണ്ട് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ

  നഷ്ടപ്പെടുത്തുന്നത് പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തെ പിന്നോട്ട് വലിക്കുന്നു.

  അപാകതകൾ പരിഹരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 To 24.11.2021 | 2021-22 | 16.02.2023 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.03.2023 To 25.03.2023 | 2017-18 To 2021-22 1 | 25.05.2023 |

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ആയതിനാൽ തൻവർഷംനടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തികളിൽ ആണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

കൂടാതെ തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിച്ച ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.വള്ളുവാടി മാടക്കുണ്ട് റോഡ് കൈയേറിയതുമായി ബന്ധപ്പെട്ട് പരാതി നിലനിൽക്കുന്നതായി പഞ്ചായത്ത് ഭരണസമിതിയുടെ 17.10.2022 ലെ 24/1,19.12.22 ലെ 9/1 തീരുമാനങ്ങൾ പ്രകാരം വ്യക്തമാണ് .ആസ്തിരജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കുക എന്നത് മാത്രമാണ് ഇത്തരം പരാതികൾ പരിഹരിക്കാനുള്ള മാർഗ്ഗം. ഓഡിറ്റ് എൻക്വയറി.7/22-23 തീയതി 24.11.2023 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ആസ്തിരജിസ്റ്റർ കാലികമാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്

## 1-12 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടങ്ങൾ 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ കാരണം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്തിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതാശ്വാസ നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധിക്കായി കേരള ഗ്രാമീൺ ബാങ്ക്, കല്ലൂർ ബ്രാഞ്ചിൽ ഒരു അക്കൗണ്ട് (A/c No. 40179100106417) സൂക്ഷിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അക്കൗണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹230875/- |
| വരവ് | ₹6962/- |
| ആകെ | ₹237837 |
| ചെലവ് | ₹10000/- |
| നീക്കിയിരിപ്പ് | ₹227837/- |

സാമ്പത്തിക വർഷം രണ്ട് പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 204 ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും, ആ പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, ആ അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, ആകെക്കൂടി അറുപതുദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടെയും, മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹിച്ച ചുവടെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | കല്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| 2 | സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| 3 | നജീമുദ്ദീൻ സി.എം |
| 4 | ആഷിഖ് പി.പി |
| 5 | പുരവത്ത് കെ.വി |
| 6 | ബിജു.എസ് |
| 7 | അതുൽ ജോൺ വർഗീസ് |
| 8 | നാസർ കെ.ആർ |
| 9 | മനോജ് എം.ജി |
| 10 | മനോജ് വി.ജി |
| 11 | സുരേഷ് കുമാർ വി.കെ |
| 12 | കെ മുഹമ്മദാലി |
| 13 | ജോയ് എം.ഡി |
| 14 | അബ്ദുൾ അസീസ് |
| 15 | എൽദോസ് ജോണി |
| 16 | ഷാജി കെ |
| 17 | അക്കാസ് ബി.കെ |
| 18 | സുധാകരൻ കെ.എ |
| 19 | പി.ആർ ശിവരാജൻ |
| 20 | സണ്ണി വർഗീസ് |
| 21 | റഷീദ് പി.കെ |
| 22 | മലയോരം ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 23 | സെന്റ് ആന്റണീസ് എഞ്ചിനിയറിംഗ് വർക്സ് |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 09/2022-23 / 24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13-2 ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം 1 മുതൽ 50 വരെയുള്ള ലൈസൻസ് അപേക്ഷകളിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടി പ്രവർത്തിക്കുന്ന ഒന്നിലധികം ജീവനക്കാർ ജോലി ചെയ്തുവരുന്നെന്ന് ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം(ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|---|
| 1 | 3/2022-23, 01/04/2022 | 11/304 | ഹോട്ടൽ സാഗർ | 2 |
| 2 | 6/2022-23, 01/04/2022 | 2/1 | പാരമ്പര്യ വൈദ്യ ചികിത്സ, വടക്കനാട് | 2 |

| | | | | |
|---|---|---|---|---|
| 3 | 17/2022-23, 01/04/2022 | 17/164,165 | ലുലു ബേക്കറി | 2 |
| 4 | 18/2022-23, 01/04/2022 | 17/177/K,J | ദേവിക ടെക്സ്റ്റയിൽസ് | 2 |
| 5 | 25/2022-23, 01/04/2022 | 4/29,30 | ന്യൂ റോയൽ ബേക്കറി | 2 |
| 6 | 32/2022-23, 01/04/2022 | 10/212,213 | ലക്ഷ്മി ഫ്ലോർമിൽ | 3 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 09/2022-23 തീയതി 24/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13-3 റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ലോഡ്ജിംഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസെടുത്ത താഴെ പറയുന്ന റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ഉടമയുടെ പേര് | വാർഡ് നം/ഡോർ നം |
|---|---|---|
| 1 | മുത്തങ്ങ വൈൽഡ് റിസോർട്ട് | 10/355,355 B,C,D,E,F,G |
| 2 | Rendezvons Jungle Resort | I/135/A-M |
| 3 | Green Trees Holiday Home | 8/187/A,F,G,J |
| 4 | Wild Tusker | 8/134/A-I |
| 5 | White Resort | 10/72, 72/A-E |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 09/2022-23 തീയതി 24/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ, ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം താഴെ പറയുന്ന റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ,കെട്ടിട നമ്പർ |
|---|---|---|
| 1 | വി.കെ ബേബി | 5/274/A |
| 2 | അബ്ദുൾ സലീം | 9/239/ |
| 3 | മാനേജിംഗ് ഡയറക്ടർ, വയനാട് നാച്വർ റിസോർട്സ് | 10/231/A -10/231/J |
| 4 | ആശാറാണി | 16/183/B |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 10/2022-23 തീയതി 25/11/2022) ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. വി.കെ. ബേബി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 2023 വർഷത്തിൽ അപേക്ഷ സമർപ്പിക്കുകയും ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും ശ്രീ. അബ്ദുൾ സലീം എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നികുതി കുടിശ്ശിക അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രാദേശിക പരിശോധനയിൽ സ്ഥാപനം പ്രവർത്തനരഹിതമാണെന്നും വയനാട് നാച്വർ റിസോർട്സ് എന്ന സ്ഥാപനം കോവിഡിന് ശേഷം പ്രവർത്തനമാരംഭിച്ചിട്ടില്ലെന്നും പ്രാദേശിക പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ശ്രീ. ആശാറാണി തൻവർഷം ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ റിസോർട്ടുകളും പരിശോധന നടത്തി ലൈസൻസ് അടവാക്കാത്തവരിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി പിരിവിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയത്തിലും പിരിവിലും

പിഴവുള്ളതായി വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. അപാകത പരിഹരിക്കാൻ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-1 വസ്തുനികുതി കുറച്ച് നിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരോടൊപ്പം 28.11.2023 ൽ 3-ാം വാർഡിലെ സ്റ്റെർലിംഗ് ഹോളിഡേ റിസോർട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 9(2) പ്രകാരം വ്യത്യസ്ഥ ഉപയോഗക്രമമുള്ള ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. സ്റ്റെർലിംഗ് ഹോളിഡേ റിസോർട്ടിലെ 1303.39 ച.മീ തറവിസ്തീർണ്ണമുള്ള റിസപ്ഷൻ കെട്ടിടത്തെ (3/4/A, B) വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ₹80/- നിരക്കിലാണ് വസ്തു നികുതി ഈടാക്കിയത്. പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയിലെ (3/4/B) ഒരു ഭാഗം മാത്രമാണ് ബാർ ആയി ഉപയോഗിക്കുവാൻ നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത ബാർ നിലവിൽ പ്രവർത്തിക്കുന്നില്ല. ആയതിനാൽ 3/4/A, 3/4/B എന്നീ കെട്ടിടങ്ങൾക്ക് റിസോർട്ടിനുള്ള വസ്തുനികുതി ഈടാക്കുകയാണെങ്കിലുള്ള വസ്തുനികുതിയിലുള്ള നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | **സഞ്ചയയിൽ ₹80/- നിരക്കിൽ നിശ്ചയിച്ച വസ്തുനികുതി+വർദ്ധനവ് - 20% വഴിസൗകര്യം, 15%- തറനിർമ്മിതി, 10% - എയർകണ്ടീഷനിംഗ്(₹)** | **₹90/- നിരക്കിൽ നിശ്ചയിച്ചാലുള്ള വസ്തുനികുതി(₹)** | **വ്യത്യാസം (₹)** |
|---|---|---|---|---|
| 3/4/A | 651.69 ച. മീ(GF) | അടിസ്ഥാന വസ്തുനികുതി = 80*651.69= 52135.2/-<br>വർദ്ധനവ് (ആകെ 45%) = 45/100*52135.2 =23460.84/-<br>ആകെ വസ്തുനികുതി = 52135.2+23460.84 =**75597/-** | അടിസ്ഥാന വസ്തുനികുതി = 90*651.69= 58652.1/-<br>വർദ്ധനവ് (ആകെ 45%) = 45/100*58652.1 =26393.445/-<br>ആകെ വസ്തുനികുതി = 58652.1+26393.445 =**85046/-** | **9449/-** |
| 3/4/B | 651.7 ച. മീ(FF) | അടിസ്ഥാന വസ്തുനികുതി = 80*651.7= 52136/-<br>വർദ്ധനവ് (ആകെ 45%) = 45/100*52136 =23461.2/-<br>ബഹുനിലക്കെട്ടിടത്തിനുള്ള ഇളവ് = (52136+23461.2)*5% =3779.9/-<br>ആകെ വസ്തുനികുതി =52136+23461.2-3779.9 =**71818/-** | അടിസ്ഥാന വസ്തുനികുതി = 90*651.7= 58653/-<br>വർദ്ധനവ് (ആകെ 45%) = 45/100*58653 =26393.85/-<br>ബഹുനിലക്കെട്ടിടത്തിനുള്ള ഇളവ് = (58653+26393.85)*5% =4252.3425/-<br>ആകെ വസ്തുനികുതി =58653+26393.85-4252.3425= **80795/-** | **8977/-** |

| | | | | |
|---|---|---|---|---|
| | | | | |
| **ആകെ നഷ്ടം** | | | | **18426/-** |

2. 3/4/K എന്ന 113.66 ച.മീ ഉള്ള കെട്ടിടം സ്പാ ആയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തെ റിസോർട്ടുകൾ എന്ന ഗണത്തിലുൾപ്പെടുത്തി ₹90/- നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി ₹160/- നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ ₹90/- നിരക്കിൽ നിശ്ചയിച്ച വസ്തുനികുതി+വർദ്ധനവ് - 20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്(₹) | ₹160/- നിരക്കിൽ നിശ്ചയിച്ചാലുള്ള വസ്തുനികുതി(₹) | വ്യത്യാസം (₹) |
|---|---|---|---|---|
| 3/4/K | 113.66 ച.മീ(GF) | അടിസ്ഥാന വസ്തുനികുതി=10229.4/-<br>ഇളവുകൾ=0/-<br>വർദ്ധനവ് = 30% = 3068.82/-<br>ആകെ വസ്തുനികുതി =13299/- | അടിസ്ഥാന വസ്തുനികുതി=18185.6/-<br>ഇളവുകൾ=0/-<br>വർദ്ധനവ് = 30% = 5455.68/-<br>ആകെ വസ്തുനികുതി =23642/- | **10343/-** |

3. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 3(3) പ്രകാരം സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത റിസോർട്ടിലെ 234 ച.മീ വിസ്തീർണ്ണമുള്ള സ്വിമ്മിംഗ് പൂളിന് നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ കുറഞ്ഞത് **₹21060/-** യുടെ നഷ്ടം വന്നിട്ടുണ്ട്.

4. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 6 ലെ പട്ടിക 6 പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, മറ്റ് വില കൂടിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ച 250 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള തറയ്ക്ക് അടിസ്ഥാന നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ റിസോർട്ടിലെ എല്ലാ കെട്ടിടങ്ങളുടെയും തറനിർമ്മിതി മേൽത്തരമാണെങ്കിലും (മാർബിൾ/ഗ്രാനൈറ്റ്/വുഡ്) ആയതിനുള്ള വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ നിരക്കിൽ നിശ്ചയിച്ച വസ്തുനികുതി+വർദ്ധനവ്-ഇളവ് (₹) | തറനിർമ്മിതിയുടെ വർദ്ധനവ് കൂട്ടുമ്പോൾ വസ്തുനികുതി(₹) | വ്യത്യാസം (₹) |
|---|---|---|---|---|
| 3/4/C | 412.52 (GF) | അടിസ്ഥാന വസ്തുനികുതി=412.52*90=37126.8/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്*) = 30%*37126.8=11138.04/-<br>ആകെ = 48265/- | അടിസ്ഥാന വസ്തുനികുതി=412.52*90=37126.8/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്, 15% - തറനിർമ്മിതി*) = 45%*37126.8=16707.06/-<br>ആകെ = 53834/- | **5569/-** |
| 3/4/M | 566.38 (GF) | അടിസ്ഥാന വസ്തുനികുതി=566.38*90=50974.2/-<br>വർദ്ധനവ്(*20% വഴിസൗകര്യം*) = 20%*50974.2=10194.84/-<br>ആകെ = 61170/- | അടിസ്ഥാന വസ്തുനികുതി=566.38*90=50974.2/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 15% - തറനിർമ്മിതി*) = 35%*50974.2=17840.97/-<br>ആകെ = 68816/- | **7646/-** |
| 3/4/N | 2112.6(GF) | ഉപയോഗക്രമം = വാണിജ്യാവശ്യത്തിനുള്ള 100 | ഉപയോഗക്രമം = വാണിജ്യാവശ്യത്തിനുള്ള 100 | **17429/-** |

| | | | | |
|---|---|---|---|---|
| | | ച.മീക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടം<br>വസ്തുനികുതി നിരക്ക് =55/-<br>അടിസ്ഥാന വസ്തുനികുതി=2112.6*55=116193/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്*) = 30%*116193=34857.9/-<br>ആകെ = 151051/- | ച.മീക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടം<br>വസ്തുനികുതി നിരക്ക് =55/-<br>അടിസ്ഥാന വസ്തുനികുതി=2112.6*55=116193/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്, 15% - തറനിർമ്മിതി*) = 45%*116193=52286.85/-<br>ആകെ = 168480/- | |
| 3/4/O | 330.17(GF) | അടിസ്ഥാന വസ്തുനികുതി=330.17*90=29715.3/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്*) = 30%*29715.3=8914.59/-<br>ആകെ = 38630/- | അടിസ്ഥാന വസ്തുനികുതി=330.17*90=29715.3/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്, 15% - തറനിർമ്മിതി*) = 45%*29715.3=13371.885/-<br>ആകെ = 43088/- | **4458/-** |
| 3/4/P | 645.36(GF) | അടിസ്ഥാന വസ്തുനികുതി=645.36*90=58082.4/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്*) = 30%*58082.4=17424.72/-<br>ആകെ = 75508/- | അടിസ്ഥാന വസ്തുനികുതി=645.36*90=58082.4/-<br>വർദ്ധനവ്(*20% വഴിസൗകര്യം, 10% - എയർകണ്ടീഷനിംഗ്, 15% - തറനിർമ്മിതി*) = 45%*58082.4=26137.08/-<br>ആകെ = 84220/- | **8712/-** |
| **ആകെ നഷ്ടം** | | | | **43814/-** |

അപാകത സംബന്ധിച്ചും മേൽ കെട്ടിടങ്ങളിൽ 3/4/N എന്ന കെട്ടിടത്തിലെ മുഴുവൻ ഭാഗങ്ങളും വാണിജ്യാവശ്യത്തിനുള്ളതാണെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. പ്രസ്തുത റിസോർട്ടിന് 3/4/A മുതൽ 3/4/T വരെ 20 നമ്പരുകളാണ് സഞ്ചയയിൽ നൽകിയിട്ടുള്ളത്. എന്നാൽ എണ്ണിയപ്പോൾ 28 കെട്ടിടങ്ങൾ കണ്ടു. അവശേഷിക്കുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തിയിട്ടില്ല.

ക്രമനമ്പർ 1, 2, 3, 4 എന്നിവ പ്രകാരം വസ്തുനികുതിയിൽ ആകെ **₹93643**/- (18426+10343+21060+43814) നഷ്ടമുണ്ട്. നികുതി നിർണ്ണയം നടത്താൻ അവശേഷിക്കുന്ന ഭാഗങ്ങളുണ്ടെങ്കിൽ വസ്തു നികുതിയിലെ നഷ്ടം ഇനിയും കൂടാം. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(**ഓഡിറ്റ് എൻക്വയറി നം- 25/22-23 തീയതി 29/11/2023**) നൽകിയ മറുപടിയിൽ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ വസ്തുനികുതി പരിഷ്കരണം 2023 പ്രകാരം പരിശോധന നടത്തി വരുന്നുണ്ടെന്നും ടി റിസോർട്ടിലെ മുഴുവൻ നിർമ്മാണങ്ങൾക്കും നികുതി ചുമത്തിയിട്ടുണ്ടെന്നും അപാകതകൾ സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും നഷ്ടം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15-2 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ

ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 55 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ ഉടമയുടെ പേരിലുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നത് മൂലം വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വിഭജിച്ച് നമ്പർ നൽകിയതുമൂലം 2-ാം വാർഡിൽ മാത്രം വസ്തുനികുതിയിലുണ്ടായ നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) File No – A2-5644/14 ഉടമയുടെ പേര് - ശ്രീ മനോജ് എം.ജി

<table>
<tr><th>വാർഡ്/കെട്ടിട നമ്പർ</th><th>തറവിസ്തീർണ്ണം(ച.മീ)</th><th>2022-23 സാമ്പത്തിക വർഷം ₹40/- നിരക്കിൽ ഈടാക്കിയ നികുതി<br>(വർദ്ധനവ് =20% വഴിസൗകര്യം)</th><th>₹55/- നിരക്കിൽ നിശ്ചയിച്ചാലുള്ള നികുതി(₹)</th><th>നികുതിയിലെ നഷ്ടം(₹)</th></tr>
<tr><td>2/296/A</td><td>38.6(GF)</td><td>അടിസ്ഥാന വസ്തുനികുതി = 38.6*40=1544/-<br>വർദ്ധനവ് (20%) =1544*20/100 =308.8/-<br>ആകെ =1544+308.8 =1853/-</td><td rowspan="4">തറവിസ്തീർണ്ണം = 191.1 ച.മീ<br>അടിസ്ഥാന വസ്തുനികുതി = 10510.5/-<br>ഇളവ് = 0/-<br>വർദ്ധനവ് =2102.1/-<br>ആകെ നികുതി = 10510.5+ 2102.1 =12613/-</td><td rowspan="4">3437/-</td></tr>
<tr><td>2/296/B</td><td>38.6(GF)</td><td>അടിസ്ഥാന വസ്തുനികുതി = 38.6*40=1544/-<br>വർദ്ധനവ് (20%) =1544*20/100 =308.8/-<br>ആകെ =1544+308.8 =1853/-</td></tr>
<tr><td>2/296/C</td><td>28.9(GF)</td><td>അടിസ്ഥാന വസ്തുനികുതി = 28.9*40=1156/-<br>വർദ്ധനവ് (20%) =1156*20/100 =231.2/-<br>ആകെ =1156+231.2 =1388/-</td></tr>
<tr><td>2/296/D</td><td>46.3(GF)</td><td>അടിസ്ഥാന വസ്തുനികുതി = 46.3*40=1852/-<br>വർദ്ധനവ് (20%) =1852*20/100 =370.4/-<br>ആകെ =1852+370.4 =2223/-</td></tr>
</table>

| | | |
|---|---|---|
| 2/296/E | 21.9(GF) | അടിസ്ഥാന വസ്തുനികുതി = 21.9*40=876/- വർദ്ധനവ് (20%) =876*20/100 =175.2/- ആകെ =876+175.2 **=1052/-** |
| 2/296/F | 16.8(GF) | അടിസ്ഥാന വസ്തുനികുതി = 16.8*40=672/- വർദ്ധനവ് (20%) =672*20/100 =134.4/- ആകെ =672+134.4 **=807/-** |
| **ആകെ** | **191.1** | **9176/-** |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 17/22-23 തീയതി 27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകിയത് സംബന്ധിച്ച കാരണങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-3 അനധികൃത നിർമ്മാണങ്ങൾക്ക് UA നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235 എഎ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ 04.06.2022 ലെ 4(1) തീരുമാന പ്രകാരം ശ്രീമതി. ഇന്ദിര ടി , ഇന്ദിര നഗർ ഹൌസിംഗ് കോളനി എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും 09.02.2021 ന് നോട്ടീസ് നൽകിയിട്ടുണ്ട് എങ്കിലും നടപടികൾ പൂർത്തിയായിട്ടില്ല എന്ന് മിനുട്സിൽ പരാമർശിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം പ്രസ്തുത ഉടമയുടെ കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. തുടർനടപടിവിവരം വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്**(ഓഡിറ്റ് എൻക്വയറി നം- 17/22-23 തീയതി 27.11.2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്കരിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യാത്ത പക്ഷം അനധികൃത കെട്ടിടത്തിനുള്ള താത്കാലിക നമ്പർ നൽകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശത്തിങ്ങളുടെ അടിസ്ഥാനത്തിൽ നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

### 1. പുതിയ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള പ്രതീക്ഷിത തനത് വരുമാനം മുഴുവനായും പിരിച്ചെടുക്കാൻ സാധിച്ചില്ല.**

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹) B | വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് (₹) | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 5050000/- | 4330950/- | 4440731/- | (-)719050/- |
| തൊഴിൽ നികുതി(തൻവർഷം) | 1990000/- | 1843263/- | 1883513/- | (-)146737/- |
| Rental Income | 200000/- | 130235/- | 130235/- | (-)69765/- |
| Fee & User Charges | 1171400/- | 1066321/- | 1551406/- | (-)105079/- |
| Sale & Hire Charges | 610000/- | 320640/- | 320640/- | (-)289360/- |
| Income From Investments | 400000/- | 0/- | 0/- | (-)400000/- |
| Interest Earned | 1550000/- | 569021/- | 569021/- | (-)980979/- |
| **ആകെ** | **10971400/-** | **8260430/-** | **8895546/-** | **(-)2710970/-** |

ബജറ്റും വരവുമായുള്ള അന്തരം സംബന്ധിച്ചും നികുതി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 20/11/2023)** ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ 14.08.2023 ലെ ഭരണസമിതി യോഗത്തിലെ 11/3 നമ്പർ തീരുമാന പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ പ്രോസിക്യൂഷൻ നടപടി ഉൾപ്പെടെ 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. ബജറ്റിലെ പ്രതീക്ഷിത വരവ് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. **നികുതി വരുമാനങ്ങളുടെ ഡി.സി.ബി ചർച്ച ചെയ്യുന്നില്ല.**

1) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 20/11/2023***) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതുമാണ്. എന്നാൽ ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 20/11/2023***) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16-2 വസ്തു നികുതി പിരിവ്

**1. വസ്തുനികുതി പിരിവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം(₹) A | ഡി.സി.ബി പ്രകാരം(₹) B | വ്യത്യാസം(₹) A-B |
|---|---|---|---|

| | | | |
|---|---|---|---|
| കുടിശ്ശിക ഡിമാന്റ് | 129142/-(*B15-2021-22 AFS*) | 249580/- | (-)120438/- |
| കുടിശ്ശിക കളക്ഷൻ | 120697/- (RP45-2022-23 AFS) | 120665/- | 32/- |
| തൻവർഷ ഡിമാന്റ് | 4440731/-(*I1-2022-23 AFS*) | 4440992/- | (-)261/- |
| തൻവർഷ കളക്ഷൻ | 4330950/-(RP45-2022-23 AFS+B9-2021-22 AFS+RP35-2022-23 AFS-B9-2022-23 AFS) | 4362729/- | (-)31779/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം-17/22-23 തീയതി 27/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കിയിട്ടുണ്ട്.**

സ.ഉ (കൈ) നം. 77/2023എൽ. എസ്. ജി. ഡി. തിയ്യതി 22.03.2023 പ്രകാരമുള്ള 01.04.2023 ലെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 30/05/2023 ലെ 4/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പ്രാഥമികമായി നിർണ്ണയിച്ച് തീരുമാനിക്കുകയും 26/06/2023 ന് പ്രചാരമുള്ള ദിനപത്രത്തിൽ കരട് വിജ്ഞാപനം നൽകുകയും ചെയ്തിട്ടുണ്ട്. കരട് പ്രസിദ്ധീകരിച്ച് 31 ദിവസത്തിനകം ആരും ആക്ഷേപം അറിയിക്കാത്തതിനാൽ 14/08/2023 ലെ 7/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിരക്ക് അന്തിമമാക്കിയിട്ടുണ്ട്. 22.03.2023 തിയ്യതിയിലെ 77/2023 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശത്തെ മേഖലകളായി തരം തിരിക്കൽ , വഴി സൌകര്യത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിക്കൽ എന്നിവ 29/07/2023 ലെ 5/1 നമ്പർ തീരുമാനപ്രകാരം പ്രാഥമികമായും 13/10/2023 ലെ 14/1 നമ്പർ തീരുമാനപ്രകാരം അന്തിമമായും വിജ്ഞാപനം ചെയ്തിട്ടുണ്ട്. സഞ്ചയയിൽ പുതുക്കിയ നിരക്കുകൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

**4. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം**

കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലവും വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലവും പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. 1-15, 1-15-1 പരാമർശങ്ങൾ കാണുക.

**5. എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ), സ.ഉ(അ) നം. 53/2020 /ത.സ്വ.ഭ.വ പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.**

സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ, വർക്ക്ഷോപ്പ്, എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ/റിസോർട്ടുകൾ തുടങ്ങിയ കെട്ടിടങ്ങൾക്ക് എസ്.ആർ.ഒ നം. 100/2015 (സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ) പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്ക് സ.ഉ(അ)നം. 53/2020 ത.സ്വ.ഭ.വ തീയതി 08/09/2020 പ്രകാരമുള്ള നിരക്കും നിശ്ചയിച്ചിട്ടുണ്ട്.

**6. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും**

അനധികൃത കെട്ടിടങ്ങൾക്കെതിരെ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് താത്കാലികമായി UA നമ്പർ നൽകി മൂന്നിരട്ടി വസ്തു നികുതി ചുമത്തിയിട്ടില്ല. ഖണ്ഡിക 1-15-3 കാണുക. ക്രമവത്കരണത്തിന് അപേക്ഷകൾ ലഭിച്ചതിൽ ക്രമവത്കരിച്ച് നിശ്ചിത സമയത്തിനകം വസ്തുനികുതി ചുമത്തുകയും അല്ലാത്തവയ്ക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കേണ്ടതുമാണ്.

## 1-16-3 സേവന ഉപനികുതി

ഗ്രാമ പഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നതിലേക്ക് തീരുമാനമെടുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16-4 തൊഴിൽ നികുതി

ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതി മിനുട്സ് പ്രകാരം തൊഴിൽ നികുതി അടവാക്കാത്ത റേഷൻ കടകൾ, അക്ഷയ

സെന്റർ എന്നീ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. എന്നാൽ കരാറുകാർ തൊഴിൽനികുതി അടവാക്കിയിട്ടില്ല (പരാമർശം 1-13-1 കാണുക.). സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 2 /2022-23 തീയതി 20/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-5 വിനോദ നികുതി

ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 20/11/2023*) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16-6 നികുതിയേതര വരവുകൾ

നികുതിയേതര വരവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടില്ല.**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 1039 സ്ഥാപനങ്ങളുണ്ട്. എന്നാൽ ലൈസൻസ് 2022-23 സാമ്പത്തിക വർഷം ലൈസൻസെടുത്തത് 308 സ്ഥാപനങ്ങളാണ്. ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.10/2022-23 തീയതി 25/11/2022) ക്ക് ലഭ്യമാക്കിയ മറുപടിയിൽ രണ്ടോ അതിലധികമോ നമ്പറുകൾ ചേർന്ന് ഒരു ഉടമസ്ഥന്റെ പേരിൽ ഒരു സ്ഥാപനമായി നടത്തുന്ന സ്ഥാപനങ്ങൾ ലൈസൻസ് രജിസ്റ്ററിൽ ഒരു സ്ഥാപനമായാണ് രേഖപ്പെടുത്തിയതെന്നും കോവിഡ് പ്രതിസന്ധിക്ക് ശേഷം മുഴുവൻ സ്ഥാപനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടില്ലെന്നും വാർഡ് ക്ലാർക്കുമാർ സ്ഥലപരിശോധന നടത്തി ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**2. ട്രൈബൽ മ്യൂസിയം**

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ചെലവഴിച്ച് "*ട്രൈബൽ മ്യൂസിയം ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തലും തുടർപരിപാലനവും*" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 17/10/2022 ലെ ഭരണസമിതിയുടെ സാധാരണയോഗത്തിലെ 22(1) നമ്പർ തീരുമാനപ്രകാരം ട്രൈബൽ മ്യൂസിയം പരിപാലിക്കുന്നതിന് ചുമതലക്കാരനെ നിയമിക്കുന്നതിനും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനും പ്രവേശന ഫീസ് കുട്ടികൾക്ക് 10 രൂപയും മുതിർന്നവർക്ക് 20 രൂപയും ഏർപ്പെടുത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ട്രൈബൽ മ്യൂസിയം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16/2022-23 തീയതി 27/11/2023) ലഭ്യമാക്കിയ മറുപടിയിൽ ട്രൈബൽ മ്യൂസിയം തുടർനടത്തിപ്പിന് ആളെ വെക്കുന്നതിന് ലേലം ചെയ്യുകയും ലേലം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും 2023-24 സാമ്പത്തിക വർഷം ട്രൈബൽ മ്യൂസിയത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് പൂർത്തിയാകുന്നതുവരെ മ്യൂസിയം തുറന്നു പ്രവർത്തിക്കുന്നതിന് സമയം നൽകണമെന്ന് തുടർനടത്തിപ്പിനായി കരാറു വെച്ച ശ്രീമതി ഷഫീന കെ.റ്റി അപേക്ഷിച്ചിട്ടുണ്ടെന്നും കാലതാമസം കൂടാതെ മ്യൂസിയം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മ്യൂസിയം പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

**3. മറ്റിനങ്ങൾ**

വയനാട് ജില്ല പാരിസ്ഥിതിക സവിശേഷതയനുസരിച്ച് ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശമാണ്. ഇതു കൂടാതെ GO(Ms)No. 24/2021/TSM തീയതി 21/12/2021 പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള "Destination Challenge" പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ഉണ്ടാക്കാവുന്നതാണ്. ആയതിലേക്കും വിനോദ നികുതി,

പേ & പാർക്കിംഗ് ഫീസ് പോലുള്ള വരുമാനസാധ്യതകൾ പരിശോധിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മരാമത്ത് പ്രവൃത്തികളുടെ ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. തൻവർഷം ഇ.ടെണ്ടർ മുഖേന 54 പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില നികുതിയുൾപ്പെടെ 91410 രൂപ ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

02.10.2017 ലെ G.O(MS)3186/2017 LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.2019 പ്രകാരം തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു.നിലവിൽ ഈ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണുള്ളത്. ഓഡിറ്റ് എൻക്വയറി.നം. 21/22-23തീയതി 28.11.2023 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയതിൽ തുക ലഭിക്കുവാൻ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലെ തുക തിരിച്ചടച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിന്റെ കല്ലൂർ ശാഖയിൽ സേവിംഗ് ബാങ്ക് അക്കൗണ്ട് (A/C No. 40179101047664) ഉണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ഈ ബാങ്ക് അക്കൗണ്ടിൽ 31.03.2023-ൽ ₹87324/- നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിന്റെ വിവരം ക്യാഷ് ബുക്കിൽ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

12.04.2006ലെ ജി.ഒ.(പി)നം.177/2006/ധനം പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ ബാങ്ക് അക്കൗണ്ട് എന്ത് ആവശ്യത്തിന് വേണ്ടി സൂക്ഷിക്കുന്നതാണെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും വിശദീകരണവും അധിക വിവരം നൽകാനുണ്ടെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

ഈ അക്കൗണ്ടിൽ 2022-23 വർഷവും തുകകൾ ക്രഡിറ്റ് ആവുകയും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.ഓരോ തുകയുടെയും വിവരങ്ങൾ അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ എഴുതിസൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.ബാങ്ക് അക്കൗണ്ടിലെ തുകകൾ സംബന്ധിച്ച വിശദവിവരങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 6/22-23തീയതി 24.11.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയതിന് തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.തുകകളുടെവിശദവിവരങ്ങൾ ഹാജരാക്കേണ്ടതും തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 മംഗലംകുന്ന് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻനീട്ടൽ - വിശദവിവരങ്ങൾ ലഭ്യമല്ല.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിൽ മംഗലംകുന്ന് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ പൂർത്തീകരണത്തിന് വേണ്ടി 212893 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നമ്പർ-58/23

പ്രോജക്ട്- മംഗലംകുന്ന് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ-213000, ഫണ്ട്-CFC

വൗച്ചർ നമ്പർ-77/23/30.03.2023-₹ 212893

പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥാവകാശം,നിലവിലെ അവസ്ഥ,മുൻപ് ചെയ്ത പ്രവൃത്തികൾ എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും ഇല്ല.നിലവിൽ 517 മീറ്റർ പൈപ്പ് ലൈൻ നീട്ടൽ

പ്രവൃത്തിയാണ് ചെയ്തത്.മുൻപ് കുടിവെള്ളപദ്ധതിയുടെ നിർമ്മാണത്തിൽ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമല്ല.കൂടാതെ നിലവിൽ പദ്ധതി പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല. പദ്ധതി ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.പൂർത്തീകരിച്ച കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിച്ചതായും കാണുന്നില്ല.അപാകത ശ്രദ്ധയിൽപെടുത്തി നൽകിയ 5/22-23/24.11.2023 ഓഡിറ്റ് എൻക്വയറിക്ക് , നിലവിൽ പ്രവർത്തിച്ച് വരുന്ന കുടിവെള്ള പദ്ധതിയാണ് എന്നും ആസ്തി രജിസ്റ്ററിൽ ഉൾപെട്ടിട്ടുണ്ട് എന്നും നിലവിലുള്ള കിണറിൽ വെള്ളം കുറയുന്ന സാഹചര്യത്തിൽ 'മാനസസരോവർ' പദ്ധതി കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനാണ് പൈപ്പ് ലൈൻ സ്ഥാപിച്ചത് എന്നും മറുപടി നൽകിയിട്ടുണ്ട്. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃസമിതിയെ ഏൽപിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 കുഴിമൂല പമ്പ് ഹൗസ് ,പൈപ്പ് സ്ഥാപിക്കൽ -പദ്ധതി പ്രവർത്തനക്ഷമമായില്ല.

നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് 2022-23 വർഷം കുഴിമൂല ജലസേചനപദ്ധതിക്ക് വേണ്ടി തുക ചെലവഴിച്ചുവെങ്കിലും പദ്ധതി യാഥാർത്ഥ്യമായില്ല.

പ്രോജക്ട് നമ്പർ-289/22, കുഴിമൂല പമ്പ് ഹൗസ് , പൈപ്പ് സ്ഥാപിക്കൽ

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ-500000, ഫണ്ട്-CFC

എഗ്രിമെന്റ് നമ്പർ-AE/LSGD/NLP/121/21-22/10.03.2022

പൂർത്തീകരിക്കേണ്ട തീയതി-31.08.2022

പൂർത്തീകരിച്ച തീയതി-26.09.2022

വൗച്ചർ നമ്പർ-77/23/30.03.2023 - 150868

ബിൽ റഫറൻസ് നമ്പർ 22180352016200683880/25.10.2022 -334933

ആകെ ചെലവഴിച്ച തുക-₹485801

എസ്റ്റിമേറ്റ് പ്രകാരം പമ്പ് ഹൗസ് ,പൈപ്പ് സ്ഥാപിക്കൽ എന്നീയിനങ്ങളാണ് ഉൾപ്പെടുത്തിയത് .28.11.2023ന് നടത്തിയ സ്ഥലപരിശോധനയിൽ പമ്പ് ഹൗസ് പണിതിട്ടുള്ളതായും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളതായും കണ്ടു.മുൻപ് ഇറിഗേഷൻ വകുപ്പിന്റെ ജലസേചനപദ്ധതി ഉണ്ടായിരുന്നത് നിലവിൽ പ്രവർത്തിക്കുന്നില്ല.മോട്ടോർ സ്ഥാപിച്ചിട്ടില്ല.പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. പദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല പമ്പ് ഹൗസ് പണിത സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടിയതായി കാണുന്നില്ല.കല്ലൂർപുഴയുടെ തീരത്താണ് പമ്പ്ഹൗസ് പണിതത്.നെൽകൃഷിക്ക് വേണ്ടി പുഴയിൽനിന്ന് വെള്ളം പമ്പ് ചെയ്യുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.



**പുഴക്കരയിൽ പണിതീർത്ത പമ്പ്ഹൗസും പഴയ ജലസേചനകനാലിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനും**



അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ 14/22-23/25.11.2023 ഓഡിറ്റ് എൻക്വയറിക്ക് പമ്പ്ഹൗസ്, പൈപ്പിടൽ എന്നിവ 2021-22 വർഷം പൂർത്തീകരിച്ചിരുന്നു എന്നും ജലസേജന ആവശ്യത്തിലേക്ക് പ്രയോജനപ്പെടുത്തി വരുന്നു എന്നും ആസ്തി രജിസ്റ്ററിൽ ഉൾപെട്ടതാണ് എന്നും നിലവിലുണ്ടായിരുന്ന പമ്പ് ഹൗസും പൈപ്പ് ലൈനും വെള്ളക്കെട്ടിൽ നശിച്ച സാഹചര്യത്തിലാണ് പുതിയവ നിർമിച്ചത് എന്നും മറുപടിനൽകിയിട്ടുണ്ട്. നിലവിലെ മോട്ടോർ തകരാറിലായ സാഹചര്യത്തിൽ പുതിയ മോട്ടോർ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്നും അതോടെ പദ്ധതി പൂർണ്ണതോതിൽ പ്രയോജനകരാമയി മാറും എന്നും അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള ഓഡിറ്റിൽ പ്രോജക്ടിന്റെ ഗുണഫലങ്ങൾ വിലയിരുത്തുന്നതാണ്.

## 1-21 കുടിവെള്ളപദ്ധതികളുടെ തുടർ പ്രവൃത്തികൾ-വിശദവിവരങ്ങളില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

തൻവർഷം താഴെപ്പറയുന്ന കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫയലിൽ വിശദവിവരങ്ങൾ ഇല്ല.

കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രൊജക്റ്റുകളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ,നിലവിൽ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങളോ,ഏതു വർഷം സ്ഥാപിച്ച പദ്ധതിയാണെന്ന വിവരങ്ങളോ,എത്രമാത്രം പണികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരങ്ങളോ ഫയലിൽ ഇല്ല.അതുകൊണ്ടുതന്നെ ഈ പ്രവൃത്തികൾ യഥാർത്ഥത്തിൽ ആവശ്യമുള്ളതാണെന്നോ,പൂർത്തീകരിച്ചത് ഉപയോഗക്ഷമമായോ എന്നും വ്യക്തമല്ല.

പദ്ധതികളുടെ വിവരങ്ങൾ ഇപ്രകാരമാണ്

1.പ്രോജക്റ്റ് നമ്പർ-220/22

പ്രോജക്റ്റ്- നെന്മേനിക്കുന്ന് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നവീകരണം

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ-500000, ഫണ്ട്-CFC

എഗ്രിമെന്റ് നമ്പർ-AE/LSGD/NLP/83/21-22/19.11.2021

പൂർത്തീകരിക്കേണ്ട തീയതി-31.03.2022

പൂർത്തീകരിച്ച തീയതി-04.03.2022

വൗച്ചർ നമ്പർ-59/23/22.03.2023-321452

എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ലൈൻ പ്രവൃത്തിയാണ് ഉൾപ്പെടുത്തിയത് .എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥാവകാശം,നിലവിലെ അവസ്ഥ,മുൻപ് ചെയ്ത പ്രവൃത്തികൾ എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും ഇല്ല.മുൻപ് കുടിവെള്ളപദ്ധതിയുടെ നിർമ്മാണത്തിൽ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമല്ല.കൂടാതെ നിലവിൽ പദ്ധതി പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല. പദ്ധതി ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

2.പ്രോജക്റ്റ് നമ്പർ-375/21

പ്രോജക്റ്റ്- മാതമംഗലം കുടിവെള്ളപദ്ധതി

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ-150000, ഫണ്ട്-CFC

എഗ്രിമെന്റ് നമ്പർ-AE/LSGD/NLP/44/20-21/12.10.2020

പൂർത്തീകരിക്കേണ്ട തീയതി-31.03.2021

പൂർത്തീകരിച്ച തീയതി-28.03.2022

വൗച്ചർ നമ്പർ-8/23/17.08.2022-138492

എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ലൈൻ ,മോട്ടോർ സ്ഥാപിക്കൽ,ഇലക്ട്രിക്കൽപ്രവൃത്തികളാണ് ഉൾപ്പെടുത്തിയത് .എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുടിവെള്ള പദ്ധതിയുടെ ഉടമസ്ഥാവകാശം,നിലവിലെ അവസ്ഥ,മുൻപ് ചെയ്ത പ്രവൃത്തികൾ എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും ഇല്ല.മുൻപ് കുടിവെള്ളപദ്ധതിയുടെ നിർമ്മാണത്തിൽ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമല്ല.കൂടാതെ നിലവിൽ പദ്ധതി പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല. പദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 14/22-23/25.11.2023 പ്രകാരം പദ്ധതി സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല

മേൽ അപാകതകൾക്കുള്ള വിശദീകരണവും അധികവിവരങ്ങളും ഹാജരാക്കേണ്ടതാണ്.വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് പിഴ ഈടാക്കേണ്ടതാണ്.

## 1-22 വടക്കനാട് വനിതാ തൊഴിൽ പരിശീലനകേന്ദ്രം -പണിതീർത്ത കെട്ടിടം ഉപയോഗക്ഷമമാക്കിയില്ല.

2020-21 വർഷം പഞ്ചായത്ത് ആവിഷ്കരിച്ച വടക്കനാട് വനിതാതൊഴിൽ പരിശീലന കേന്ദ്രം കെട്ടിടം പണിതീർത്തുവെങ്കിലും തൊഴിൽ പരിശീലനം തുടങ്ങിയതായോ ,കെട്ടിടം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്തതായോ കാണുന്നില്ല.കെട്ടിടനിർമ്മാണത്തിന് ₹25,00,000രൂപ വകയിരുത്തുകയും 1847803.77 നിരക്കിൽ ശ്രീ.നജ്മുദ്ദീൻ ടെണ്ടർ ഏറ്റെടുത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S076/22 വടക്കനാട് വനിതാ തൊഴിൽ പരിശീലന കേന്ദ്രം |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ & ഫണ്ട് | ₹25,00,000/-( വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹926964 ബിൽനമ്പർ 121/2122/30.03.22<br>₹500000-ബിൽനമ്പർ19/23/15.11.2022<br>₹392356-ബിൽനമ്പർ20/23/15.11.2022 |
| ടെണ്ടർ നിരക്ക് (പി.എ.സി) | 1847803.77 |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/74/21-22/15.11.2021 |
| പൂർത്തിയാക്കേണ്ട തീയതി | 31.08.2022 |
| കരാറുകാരൻ | ശ്രീ. നജ്മുദ്ദീൻ |
| പ്രവൃത്തി ആരംഭിച്ച തീയതി | 19.11.2021 (MB: പേജ് നം. 1 /80/20-21) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 29/08/2022 |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ ഉപയോഗശൂന്യമായ തൊഴിൽപരിശീലനകെട്ടിടത്തിന് പകരം പുതിയ കെട്ടിടം പണിയുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയതായി കാണുന്നത്.എന്നാൽ എസ്റ്റിമേറ്റിൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പണിതീർത്ത കെട്ടിടം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പടുന്നതായി കാണുന്നില്ല.28.11.2023ന് നടത്തിയ സ്ഥലപരിശോധനയിൽ വയലിന് നടുവിൽ കെട്ടിടം പണിതീർത്തിട്ടുള്ളത് കണ്ടു. ഇലക്ട്രിഫിക്കേഷൻ,പ്ലംബിംഗ് എന്നിവ നടത്തിയിട്ടില്ല.കെട്ടിടത്തിലെ ബോർഡ് പ്രകാരം 27.11.2022 ന് ഉദ്ഘാടനം നടത്തിയ താവക്കൊല്ലി കുടുംബശ്രീകെട്ടിടം എന്നാണ് കാണുന്നത്.നിലവിൽ ഒരു റൂമിൽ വെറ്റിനറി സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്.കെട്ടിടത്തിലേക്കുള്ള റോഡ് മൺറോഡാണ്.അതുകൊണ്ട് തന്നെ വേനൽകാലത്ത് മാത്രമേ കെട്ടിടത്തിലേക്ക് പ്രവേശനം സാധ്യമാകൂ.നിലം നികത്തിയാണ് കെട്ടിടം പണിതീർത്തിട്ടുള്ളത്.



*വയലിന് നടുവിൽ പണിതീർത്ത കെട്ടിടം*



കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.കെട്ടിടത്തിൽ എന്ത് തൊഴിൽപരിശീലനമാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന വിവരങ്ങളും ഫയലിൽ ഇല്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണവും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 15 /22-23/25.11.2023 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മെഡിസിൻ കവർയൂണിറ്റ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിൽ തൻവർഷത്തെ ചെലവ് ₹892356 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-23 യുവജന ക്ലബ്ബുകളുടെ നിർമ്മാണം -പൂർത്തീകരിച്ച പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ചു.

2016-17 വർഷം പഞ്ചായത്ത് ആവിഷ്കരിച്ച യുവജന ക്ലബ്ബുകളുടെ നിർമ്മാണം പദ്ധതിയിൽ രണ്ട് ക്ലബ്ബുകളുടെ കെട്ടിട നിർമ്മാണത്തിന് 1325000 രൂപ വകയിരുത്തുകയും 976886.62 നിരക്കിൽ ശ്രീ.എം നാരായണൻകുട്ടി ടെണ്ടർ ഏറ്റെടുത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | എസ്.ഒ.188/17,എസ്.ഒ.128/22 |
| അടങ്കൽ & ഫണ്ട് | ₹1325000/-( വികസന ഫണ്ട് ടി.എസ്.പി) |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് | ₹ 741878/- (ട്രഷറി ബിൽ നം. 12/31.03.2018)<br>₹ 155614/-വൗച്ചർ നമ്പർ 63/23/23.12.2022 |
| ടെണ്ടർ നിരക്ക് (പി.എ.സി) | 976886.62 |
| കരാർ നമ്പർ & തീയതി | AE/L155614SGD/NLP/48/2016-17, 30.03.2017 |
| പൂർത്തിയാക്കേണ്ട തീയതി | 31.03.2017 |
| കരാറുകാരൻ | ശ്രീ. എം. നാരായണൻകുട്ടി |
| അളവ് പുസ്തക നമ്പർ | 12/17-18(പേജുകൾ 1-102)<br>17/17-18 (പേജുകൾ 1-30)<br>146/20-21(പേജുകൾ 1-11) |
| പ്രവൃത്തി ആരംഭിച്ച തീയതി | 15.04.2017 (MB: പേജ് നം. 1 /12/17-18) |

| | |
|---|---|
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല. |

കരാറുകാരൻ പൂർത്തിയാക്കിയ പ്രവൃത്തികൾ 30.08.2017 തീയതി വരെയുള്ള അളവുകൾ രേഖപ്പെടുത്തി പാർട്ട് ബിൽ ₹741878 (നികുതികൾ,റീടെൻഷൻ എന്നിവ കുറച്ച് ) കരാറുകാരന് നൽകി. എസ്റ്റിമേറ്റിലെ അപാകത മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലയെന്നും നടപടികൾ സ്വീകരിക്കണമെന്നും കരാറുകാരൻ 09.01.2018 ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 18.08.2018 ലെ 01/18 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുാനമെടുത്തിട്ടുണ്ട്.

ബിൽ അനുവദിച്ച കിട്ടുന്നതിന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ പ്രവൃത്തി സ്പിൽ ഓവറായി വരാത്തതിനാൽ ബിൽ തയ്യാറാക്കാൻ കഴിഞ്ഞില്ല എന്ന് അസി. എഞ്ചിനീയർ വാക്കാൽ അറിയിച്ചിരുന്നു എന്നും പൂർത്തികരണ ഘട്ടത്തിലുള്ള പ്രവൃത്തി പൂർത്തികരിക്കുന്നതിനും തനിക്ക് നിയമാനുസൃതം ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടു കൊണ്ടുള്ള കരാറുകാരന്റെ 07.05.2019 - ലെ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ, മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന പണിയിനമോ, കൂടുതലായി ചെയ്യേണ്ട പണിയോ നടത്തേണ്ടി വരുന്ന സംഗതിയിൽ, അധികമായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ശിപാർശ ചെയ്തതായി കാണുന്നില്ല.എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ 31.03.2018 -ന് എസ്റ്റിമേറ്റ് പ്രകാരം നടത്തിയ പണികളുടെ തുക അനുവദിച്ചിട്ടുണ്ട്. തുടർന്ന് കരാറുകാരൻ കോടതിയെ സമീപിക്കുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് തുക അനുവദിക്കാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് 07.02.2022 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് അളവുപുസ്തകം 146/20-21 (പേജുകൾ 1-11) ൽ രേഖപ്പെടുത്തി റീടെൻഷൻ ഉൾപ്പെടെ 155614 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എന്ന് നടത്തിയതാണെന്നോ ,അളവുകൾ എന്ന് രേഖപ്പെടുത്തിയെന്നോ തീയതി രേഖപ്പെടുത്തിയിട്ടില്ല. തീയതി രേഖപ്പെടുത്താതെ അളവുകൾ രേഖപ്പെടുത്തി തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. 18.08.2018 ലെ 01/18 )0 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു പദ്ധതി പൂർത്തീകരിക്കാതെ ,പഞ്ചായത്തിനെ നിയമനടപടികളിലേക്കും കോടതിച്ചെലവിലേക്കും നയിച്ചത് ശരിയായ നടപടിയല്ല. പണിതീർത്ത കെട്ടിടം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പടുന്നതായി കാണുന്നില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണവും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 8/22-23/24.11.2023 പ്രകാരം ആവശ്യപ്പെട്ടെങ്കിലും യാതൊരു വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.വിശദവിവരങ്ങളുടെ അഭാവത്തിൽ 155614 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തൻവർഷം ഇ ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ, തൊഴിലുറപ്പ് പദ്ധതികൾക്കായുള്ള വാങ്ങലുകളിലെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. തൻവർഷം ഇ ടെണ്ടർ മുഖേന നടത്തിയ വാങ്ങലുകളുടെ ടെണ്ടർ ഫോറം വില നികുതിയുൾപ്പെടെ 56610 രൂപ ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

02.10.2017 ലെ G.O(MS)3186/2017.LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.2019 പ്രകാരം തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു. നിലവിൽ തുക ഐ.കെ.എം ന്റെ അക്കൗണ്ടിൽ ആണുള്ളത്. ഓഡിറ്റ് എൻക്വയറി.നം. 22/22-23 തീയതി 28.11.2023 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി –മെറ്റീരിയൽ വാങ്ങിയതിൽ അപാകതകൾ

മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2022-23 വർഷത്തിൽ വിവിധ മെറ്റീരിയൽ പ്രവ്യത്തികൾ ചെയ്തിട്ടുണ്ട്.എന്നാൽ സാധനങ്ങൾ വാങ്ങിയത് നടപടിക്രമങ്ങൾ പാലിച്ചല്ല.വിശദവിവരം ചുവടെ ചേർക്കുന്നു

തൊഴിലുറപ്പ് പദ്ധതി - സാധന ഘടകം പ്രവൃത്തികളിൽ 97 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി 1,68,98,813.4 തൻവർഷം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ സാധനഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1.ക്വാറി മക്ക്

2.40എം.എം മെറ്റൽ

3.20എം.എം മെറ്റൽ

4.10എം.എം മെറ്റൽ

5.മണൽ

6.സിമന്റ്

7.കോൺക്രീറ്റ് മിക്സർ

8.വൈബ്രേറ്റർ

എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ സാധന ഘടകങ്ങൾ മുകളിൽ പറഞ്ഞവയാണെന്നിരിക്കെ ഓരോ വാർഡിലെയും റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കും ആവശ്യമായ സാധന ഘടകങ്ങൾ പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്.സാധന സാഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം,വിദഗ്ധ/ അവിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. 27.12.2020 ന് ശേഷം ഇത്തരമൊരു കമ്മിറ്റി പുന:സംഘടിപ്പിക്കുകയോ യോഗം ചേരുകയോ ചെയ്തിട്ടില്ല.2021-22,2022-23 വർഷങ്ങളിൽ വാങ്ങിയ മെറ്റീരിയൽസിന്റെ വിലയാണ് തൻവർഷം നൽകിയത്.2021-22 വർഷം E-Tender നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കുന്നതിന് നടപടിക്രമങ്ങൾ പാലിച്ചില്ല. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/ മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവ്യത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറു മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, ആവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ വാർഡിലേക്കും ആവശ്യമായ സാധനങ്ങൾവാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 32AAACK6767FHZ5. ജി.എസ്.റ്റി നമ്പർ ഉണ്ട്. ടി.ഡി.എസ് കിഴിവ് നടത്തുന്നതിനായി ജി.എസ്.റ്റി രജിസ്ട്രേഷനും ഉണ്ട്. ഈ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിക്കായി വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ പ്രസ്തുത നമ്പരും മറ്റ് വിശദ വിവരങ്ങളും വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ സെക്രട്ടറി ജി.എസ്.റ്റി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ഉൾപ്പെടുത്തിയതിന്റെ വിവങ്ങൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി.നം. 20 /22-23തീയതി 27.11.2023 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ കോവിഡ് സാഹചര്യങ്ങളാൽ 2020-21,2021-22 വർഷങ്ങളിൽ പർച്ചേസിംഗ് കമ്മിറ്റി യോഗം ചേരുവാൻ കഴിഞ്ഞില്ലയെന്നും

തുടർന്ന് ഭരണസമിതിതീരുമാനപ്രകാരമാണ് വാങ്ങലുകൾ നടത്തിയതെന്നും ഭാവിയിൽ അപാകതകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -ബില്ലുകളിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2022-23 വർഷത്തിൽ വിവിധ മെറ്റീരിയൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മെറ്റീരിയലിന് തുക അനുവദിച്ചതിൽ ബില്ലുകളിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല.

ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം 2016-17 മുതൽ കരാറുടമ്പടി പ്രകാരം ഏൽപ്പിക്കപ്പെടുന്ന പ്രവൃത്തികൾക്ക് നൽകുന്ന തുകയുടെ 1% ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ വർഷം പൂർത്തീകരിച്ചതും തുക നൽകിയതുമായ കോൺക്രീറ്റ് പ്രവൃത്തികളുടെ കോൺട്രാക്ടർമാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി.നം. 19 /22-23തീയതി 28.11.2023 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്നും സോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ ഇല്ലാത്തതിനാലാണ് ആദായനികുതി ഈടാക്കാൻ കഴിയാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -TDS ഈടാക്കി അടച്ചില്ല.

മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 20222-23വർഷത്തിൽ വിവിധമെറ്റീരിയൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.തൻവർഷം വിവിധപ്രവൃത്തികൾക്ക് മെറ്റീരിയൽ നൽകിയതിന് കരാറുകാർക്ക് നൽകിയ ബില്ലുകളിൽ നിന്ന് TDS ഈടാക്കി അടച്ചിട്ടില്ല. KSGST Act സെ ക്ഷൻ 51 പ്രകാരം ജി .എസ്.റ്റി തു കയു ടെ 2% കരാ റു കാ രി ൽ നിന്നും നി ർവ്വഹണഉദ്യോ ഗസ്ഥൻ ഈടാ ക്കി അടക്കേ ണ്ടതാ ണ്. 2022-23 സാ മ്പത്തിക വർഷം ഈ തരത്തിലു ള്ള നടപടി സ്വീ കരി ച്ചതാ യി കാ ണ ന്നില്ല. പദ്ധതിക്കാ വശ്യ മാ യ സാ ധന ഘടകങ്ങൾ വി തരണം ചെ യ്തത എല്ലാ വരും തന്നെ പൊ തു മരാ മത്ത് കോ ൺട്രാ ക്ടർ മാ രാ ണ്.കൂടാതെ സാധന സാമഗ്രികൾ വിതരണം ചെയ്തതിന് കരാറുകാർ സമർപ്പിച്ച ബില്ലുകളിൽ ബിൽ ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ബില്ലുകളിൽ ജി.എസ്.ടി സഹിതമുള്ള തുകയാണ് കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ക്രമമല്ലാത്ത ബിൽ സമർപ്പിച്ചത് വഴി സർക്കാരിലേക്ക് അടക്കേണ്ടുന്ന ജി.എസ്.ടി തുക ലഭ്യമാകാതിരിക്കാൻ സാധ്യത കൂടുതലാണ്.ഓഡിറ്റ് എൻക്വയറി.നം. 18 /22-23തീയതി 28.11.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്നും സോഫ്റ്റ് വെയറിൽ ക്രമീകരണങ്ങൾ ഇല്ലാത്തതിനാലാണ് TDS പിടിക്കാൻകഴിയാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പച്ചത്തുരുത്ത് വനവൽക്കരണ പദ്ധതിയിൽ നട്ട മരതൈകൾ നഷ്ടപ്പെട്ടു.

നൂൽപുഴ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി 2018-2019 സാമ്പത്തിക വർഷം പച്ചത്തുരുത്ത് എന്ന പദ്ധതി തുടങ്ങിയിരുന്നു. ഇ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1000 മര തൈകൾ വച്ചുപിടിപ്പിക്കുകയും എല്ലാ വർഷവും പദ്ധതിയിൽ ഉൾപെടുത്തി തൈകളുടെ സംരക്ഷണ പ്രവർത്തികൾ നടത്തുകയും ചെയ്തു. എന്നാൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ ബിൽഡിംഗ് നിർമാണം ആരംഭിച്ചതിനാൽ 650 തൈകൾ നശിച്ചു പോയി എന്ന് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി ഓവർസിയർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പച്ചത്തുരുത്ത് പദ്ധതി വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച മുൻ നടപടികൾ പരിശോധിച്ച് നിലവിലെ അവസ്ഥ സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 30.11.2022 ലെ 1/1 തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റ് എൻക്വയറി നം. 24/22-23/29.11.2023 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് നട്ടുപിടിപ്പിച്ച 1000 മരതൈകളിൽ 650 തൈകൾ കെട്ടിട നിർമ്മാണത്തിൽ നശിച്ചുപോയതായും നിലവിൽ സൃഷ്ടിക്കുന്ന ആസ്തികൾ സ്ഥിരമായി നിലനിൽക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെക്കുന്നതായും അറിയിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കുഴൽകിണർനിർമ്മാണത്തിന് ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ച വിവരങ്ങൾ ലഭ്യമല്ല.

2021-22 വർഷം കുഴൽകിണർ നിർമ്മാണത്തിന് ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ കിട്ടിയോ എന്ന് വ്യക്തമല്ല. പ്രൊജക്ട് നമ്പർ 387/22 കുഴൽ കിണർ നിർമ്മാണത്തിന് തുക കൈമാറൽ പദ്ധതി പ്രകാരം കണാൽ കള്ളാടിക്കൊല്ലി മാളുവിൻറ വീടിന് സമീപം, കുളുകുന്ന് കോളനി, മാലങ്കാപ്പ് കുറുമ കോളനി, ഓടപ്പള്ളം പണിയ കോളനി, കമ്പ്രംകൊല്ലി പണിയ കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരം 511875 രൂപ 31.03.2022

തീയതിയിൽ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ജില്ലാ ഓഫീസർ,ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.എന്നാൽ കണാൽ കള്ളാടിക്കൊല്ലി മാളുവിൻറ വീടിന് സമീപം കുഴൽ കിണർ നിർമ്മിക്കുന്നതിന് വാഹനം എത്തിച്ചേരാത്തതിനാൽ കുഴൽ കിണർ നിർമ്മാണത്തിന് അനുവദിച്ച എസ്റ്റിമേറ്റ് തുകയായ 113967 രൂപ തിരികെ നൽകാവുന്നതാണ് എന്ന് ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് നൽകിയ കത്ത് നൽകിയിരുന്നു. തോട്ടാമൂല പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ അടവാക്കിയ തുക തോട്ടാമൂല കവലയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഭൂജല വകുപ്പിന് കത്ത് നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി 04.06.2022 ലെ 11/1 തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/22-23/29.11.2023) തോട്ടാമൂല കവലയിൽ കുഴൽ കിണർ നിർമിക്കുന്നതിന് ഫീസിബിലിറ്റി, എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കുന്നതിന് ഭൂജല വകുപ്പിന് 15.06.2022 ന് കത്ത് നൽകിയിട്ടുണ്ട് എന്നും ഫീസിബിലിറ്റി, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട് എന്നും വിവിധ പ്രവത്തികളുടെ കൂട്ടത്തിൽ ഒന്നിച്ച് വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും പ്രോജക്ട് നിർവഹണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ വാട്ടർ അതോറിറ്റിക്ക് 01.12.2023 ന് കത്ത് നൽകിയിട്ടുണ്ട് എന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി വിവരം തുടർന്നുള്ള ഓഡിറ്റിൽ വിലയിരുത്തുന്നതാണ്.

## 1-30 മാലിന്യശേഖരണവും നിർമ്മാർജ്ജനവും- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

അജൈവമാലിന്യശേഖരണത്തിലും മാലിന്യനിർമ്മാർജ്ജനത്തിലും ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന സജീവമായി പ്രവർത്തിക്കുന്നു..15.07.17 ലെ 2420/2017/ത.സ്വ.ഭ.വ ഉത്തരവ് ,പഞ്ചായത്ത് ഭരണസമിതിയുടെ 20.07.18 ലെ 6/1നമ്പർ തീരുമാനം എന്നിവ അനുസരിച്ച് 10.10.2018 നാണ് രൂപീകരിച്ചത്.

ആരംഭത്തിൽ 15അംഗങ്ങളെ ഉൾപ്പെടുത്തിയാണ് രൂപീകരിച്ചത്.എന്നാൽ ഹരിതകർമ്മസേന പ്രവർത്തനം തുടങ്ങിയത് 27.12.21 നാണ്.

നിലവിൽ ഹരിതകർമ്മസേനയിൽ 34 അംഗങ്ങളാണുള്ളത്.എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന ഒരു കൺസോർഷ്യമാണ് നിലവിൽ ഉള്ളത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും പ്രവർത്തനങ്ങളെ നയിക്കുന്നതും കൺസോർഷ്യത്തിലെ എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന റിവ്യൂ മീറ്റിംഗുകളിൽ ആണ്.

മാലിന്യങ്ങൾ ശേഖരിക്കലും തരം തിരിക്കലും കൈമാറലും മാത്രമാണ് നിലവിൽ ഹരിതകർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾ.

എല്ലാത്തരം അജൈവമാലിന്യങ്ങളും ശേഖരിച്ച് MCF ൽ എത്തിക്കുന്നു.വീടുകൾക്ക് പ്രതിമാസം 50 രൂപയും സ്ഥാപനങ്ങൾക്ക് പ്രതിമാസം 100 രൂപയാണ് ചാർജ്ജ്.അധികം മാലിന്യങ്ങൾ ശേഖരിക്കേണ്ട സ്ഥാപനങ്ങളിൽനിന്ന് അളവിനനുസരിച്ച് തുക കൂടുതൽ ഈടാക്കുന്നുണ്ട്.

MCF -ൽ എത്തിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിച്ച് വില കിട്ടുന്ന സാധനങ്ങൾ വിൽപ്പന നടത്തുകയും മറ്റ് വസ്തുക്കൾ 2022-23 ൽ തിരുവോണം ഏജൻസിക്ക് നൽകകയും ചെയ്തു.മറ്റ് അജൈവമാലിന്യങ്ങളായ ചെരുപ്പ് ,ബാഗ് ,തുണികൾ ,ഇലക്ട്രിക് വേസ്റ്റുകൾ എന്നിവ കയറ്റി അയക്കുന്നതിന് വലിയ തുക കണ്ടെത്തേണ്ടി വരുന്നത് നിലവിൽ നേരിടുന്ന വലിയൊരു സാമ്പത്തികപ്രതിസന്ധിയാണ്.ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2022-23വർഷത്തെ കണക്കുകൾ ഇപ്രകാരമാണ്.

കേരളഗ്രാമീണബാങ്ക് അക്കൗണ്ട് നമ്പർ-40179101046391

| | |
|---|---|
| മുൻബാക്കി | 44901.7 |
| വരവ് | 1840153 |
| ആകെ | 1885054.7 |
| ചെലവ് | 1815847 |
| നീക്കിയിരിപ്പ് | 69207.7 |

ഓരോ വാർഡിലും മാലിന്യശേഖരണത്തിനായി 2 അംഗങ്ങളെ വീതം നിയോഗിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിക്കുന്നു. അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആകെ മൂന്ന് മിനി MCF കൾ സ്ഥാപിച്ചിട്ടുണ്ട്..

ഉപയോഗശൂന്യമായി പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിന് ഒരു ബോട്ടിൽ ബൂത്തുകൾസ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽനിന്ന് അച്ചടിച്ചുവിതരണം നടത്തുന്ന രശീതുബുക്കുകൾ ഉപയോഗിച്ചല്ല യൂസർഫീ പിരിക്കുന്നത്.പിരിക്കുന്ന യൂസർഫീ മാസത്തിൽ ഒരു ദിവസം ആണ് ബാങ്കിൽ അടക്കുന്നത്.ഇത് ശരിയായ നിലപാടല്ല.തുക

ഹരിതകർമ്മസേനാംഗങ്ങളുടെ കൈവശം സൂക്ഷിച്ച് ബാങ്കിൽ അടക്കുന്ന രീതി ഒഴിക്കേണ്ടതാണ്.

രശീത് ബുക്കുകൾ പഞ്ചായത്ത് ഭരണസമിതിതീരുമാനപ്രകാരം അച്ചടിച്ച് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തി പിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പാക്കി ബാങ്കിൽ അടക്കേണ്ടതാണ്.

ഓരോ അംഗങ്ങളും പിരിക്കുന്ന തുകയിൽ 10 % തുക കൺസോർഷ്യം അക്കൗണ്ടിൽ സൂക്ഷിക്കുകയും ബാക്കി തുക അംഗങ്ങൾക്ക് നൽകുകയുമാണ് ചെയ്യുന്നത്.കൂടുതൽ വീടുകളിൽ പിരിക്കുന്ന ആളുകൾക്ക് കൂടുതൽ തുക ലഭിക്കുന്ന രീതിയാണ് നിലവിൽ ഉള്ളത്.എല്ലാ അംഗങ്ങൾക്കും തുല്യവേതനം ലഭിക്കുന്നില്ല.കുറവ് വീടുകൾ ഉള്ള പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ആളുകൾക്ക് വളരെ കുറഞ്ഞ തുകയാണ് ലഭിക്കുന്നത്.ഇത് ഒഴിവാക്കി എല്ലാ അംഗങ്ങൾക്കും തുല്യവേതനം നിശ്ചയിച്ച് പ്രവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ആകെയുള്ള 17 വാർഡുകളിൽ വാർഡുകളിലൊന്നും 100 % യൂസർഫീ പിരിക്കുന്നതിന് സാധിച്ചിട്ടില്ല.

പട്ടികവർഗ്ഗ,ആശ്രയ,കിടപ്പുരോഗികൾ എന്നിവരുടെ വീടുകളിൽ നിന്ന് യൂസർഫീ നിലവിൽ പിരിക്കുന്നില്ല.ഹരിതകർമ്മസേന വരവുചെലവുകണക്കുകൾക്കാധാരമായ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നുണ്ടെങ്കിലും രശീത് പിരിവ് സംബന്ധിച്ച് കൃത്യമായ പരിശോധന നടക്കുന്നില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഹരിതമിത്രം ആപ്പ് ഉപയോഗപ്പെടുത്താൻ തുടങ്ങിയിട്ടില്ല.

ഇപ്പോൾ കല്ലൂർ എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സൗകര്യം ഇല്ലാതെയാണ് മാലിന്യങ്ങൾ സൂക്ഷിക്കുന്നത്.മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് ഏതാനും ഷെഡുകൾ മാത്രമാണ് MCF ആയി പ്രവർത്തിക്കുന്നത്.ഫയർ & സേഫ്റ്റി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. യഥാസമയം മാലിന്യങ്ങൾ നീക്കം ചെയ്യാനാകാത്തത് വെല്ലുവിളിയാണ്.നിലവിൽ ക്ലീൻ കേരളക്ക് നൽകുന്നതിനായി Rejected Waste ഉൾപ്പെടെ കുറെയധികം മാലിന്യങ്ങൾ MCF ൽ സൂക്ഷിച്ചിട്ടുണ്ട്.

കൃത്യമായ അഗ്നിസുരക്ഷാമാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ തന്നെ 26.08.23 ന് MCF ൽ തീപിടുത്തം ഉണ്ടാവുകയും അതിനെ തുടർന്ന് അഗ്നിശമനവിഭാഗം ഉൾപ്പെടെ വന്ന് തീയണക്കുകയും ചെയ്തു.ഇതിനെ തുടർന്ന് പോലീസ് കേസ് നിലനിൽക്കുകയും ചെയ്യുന്നു.



*തീകത്തിനശിച്ച MCF കെട്ടിടം-നിലവിലും ശരിയായ സംവിധാനമില്ലാതെ മാലിന്യങ്ങൾ ഇവിടെയാണ് ശേഖരിച്ച് തരം തിരിക്കുന്നത്*



ഈ മേഖലയിലെ മറ്റ് അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.പഞ്ചായത്തിന്റെ സ്ഥലത്ത് സൗകര്യങ്ങളോട് കൂടിയ MCF നിർമ്മിക്കപ്പെടേണ്ടതുണ്ട്.

## 1-31 കൺമണി/കിനാവ് പദ്ധതി - 1 കോടി 12 ലക്ഷം ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചിട്ടില്ല - പദ്ധതി പണം പാഴായി.

ഗ്രാമ പഞ്ചായത്തിലെ ഗോത്ര വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈനിക സ്കൂളുകൾ, നവോദയ സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം എന്ന ലക്ഷ്യം മുൻ നിർത്തി ആരംഭിച്ച കൺമണി പദ്ധതിയാണ് കിനാവ് എന്ന പേരിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയത്. ഓഡിറ്റ് വർഷം, കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ പ്രവർത്തിയാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0122/23 |
| **പ്രൊജക്ടിന്റെ പേര്** | കൺമണി/കിനാവ് - സമഗ്ര ഗോത്ര വിദ്യാഭ്യാസ പദ്ധതി |
| **അടങ്കൽ** | ₹ 6,17,160.00 (വികസന ഫണ്ട് ടി.എസ്.പി.) |
| **ചെലവ് (₹)** | ₹ 6,17,160.00(ബിൽ നം. 3/15.06.22) |

സ.ഉ.(കൈ)നം.11/2018/തസ്വഭവ,തിരുവനന്തപുരം,തിയ്യതി.29-01-2018 പ്രകാരമുള്ള മുൻ പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 7-6(8) പ്രകാരം സന്നദ്ധപ്രവർത്തകരായ യുവതീയുവാക്കൾ,അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനപരിപോഷണം (Remedial Coaching) ഉൾപ്പെടയുള്ള പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. സ.ഉ.(കൈ)നം22/2018/തസ്വഭവ തിയ്യതി 14-2-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക 8.10(ഇ)പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം/ഓണറേറിയം നല്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി, സബ്സിഡി മാർഗ്ഗരേഖകളിൽ കെട്ടിടവാടക, വണ്ടിവാടക, ഭക്ഷണം എന്നിവ നല്കുവാൻ വ്യവസ്ഥ ചെയ്യുന്നില്ല. ആയത് ഗോത്രസാരഥി പദ്ധതി, കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്നിവ നല്കുവാൻ പ്രോജക്ടുകൾ വിഭാവനം ചെയ്യുവാനും നടത്തുവാനും വ്യവസ്ഥ ചെയ്യുന്നതാണ്. ഓഡിറ്റ് വർഷം ഈ ഇനങ്ങളിൽ ഗോത്രസാരഥി (ചെലവ് 3565698), എസ് ടി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം (ചെലവ് 693258) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നൂതന പ്രോജക്ടിന് അംഗീകാരം ലഭിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കിയത്. ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഓണറേറിയം നൽകിയത്(₹) | കെട്ടിടവാടക നൽകിയത്(₹) | വണ്ടിവാടക നൽകിയത്(₹) | ഭക്ഷണം നൽകിയത്(₹) | സ്റ്റേഷനറിസിന് നൽകിയത്(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2,19,593.00 | 18,000.00 | 1,73,198.00 | 1,93,630.00 | 12,739.00 |

മേൽ പ്രകാരം, ഓണറേറിയം, കെട്ടിടവാടക , വണ്ടിവാടക, ഭക്ഷണം ഇനത്തിൽ ₹ 6,04,421.00 (219593+18000+173198+193630) മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്. കൺമണി പദ്ധതി ആരംഭിച്ചിരിക്കുന്നത് 2017 വർഷത്തിലാണ്. ഇതുവരെ കൺമണി/കിനാവ് പദ്ധതിയിലെ ആകെ ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ചെലവ്(₹) | | | | | | |
|---|---|---|---|---|---|---|
| **2017-2019** | **2017-19 സ്പിൽ ഓവർ** | **2019-2020** | **2020-2021** | **2020-21 സ്പിൽ ഓവർ** | **2021-2022** | **2021-22 സ്പിൽ ഓവർ** |
| 26,89,549.00 | 9,98,825.00 | 27,78,942.00 | 18,66,869.00 | 1,33,131.00 | 20,96,387.00 | 6,17,160.00 |

മേൽ പട്ടിക പ്രകാരം 2017 മുതൽ 2022 വരെ വർഷങ്ങളിലായി കൺമണി/കിനാവ് പദ്ധതിക്ക് ആകെ ചെലവഴിച്ചിരിക്കുന്നത് ₹ 1,11,80,863.00 രൂപയാണ്. ഒരു കോടിയിലേറേ തുക ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വളരെ വിദൂരമാണ്. നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം പദ്ധതി പ്രകാരം കൈവരിച്ച ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.

| **വർഷം** | **സൈനിക സ്കൂളുകളിൽ പ്രവേശനം ലഭിച്ചവരുടെ എണ്ണം** | **നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചവരുടെ എണ്ണം** |
|---|---|---|
| 2017-2019 | 1 | 0 |
| 2019-2020 | 3 | 0 |
| 2020-2021 | 2 | 2 |
| 2021-2022 | 2 | 9 |
| **ആകെ** | **8** | **11** |

ആകെ 1 കോടി 12 ലക്ഷം രൂപ ചെലവഴിച്ചിട്ടും ആകെ 8 പേർക്ക് സൈനിക സ്കൂളുകളിലും 11 പേർക്ക് നവോദയ സ്കൂളുകളിലും പ്രവേശനം ലഭിച്ചതാണ് കൺമണി/കിനാവ് പദ്ധതിയിലൂടെ സാധിച്ചിരിക്കുന്നത്. ഇതിനാൽ പദ്ധതി പരാജയമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഓഡിറ്റ് എൻക്വയറിക്ക്(നം.11/22-23/25.11.2) മറുപടിയിൽ മാർഗ്ഗരേഖക്ക് വിരുദ്ധമാണ് പദ്ധതി നടത്തിപ്പ് എന്നത് അറിവില്ലാതെ ചെയ്തതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. മാർഗ്ഗരേഖക്ക് വിരുദ്ധമായി ഈ വർഷം ചെലവഴിച്ച ₹ 6,04,421.00 രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-32 ഫിറ്റനസ്സ് ഫസ്റ്റ് പ്രോജക്ട് - മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത ശൈലി രോഗങ്ങൾ, വ്യായാമത്തിലൂടെ നിയന്ത്രിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ആരംഭിച്ച പദ്ധതിയാണ് ഫിറ്റ്നസ്സ് ഫസ്റ്റ് പ്രോജക്ട്. പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0144/23 |
| **പ്രൊജക്ടിന്റെ പേര്** | ഫിറ്റ്നസ്സ് ഫസ്റ്റ് പ്രോജക്ട് - ജീവിത ശൈലി രോഗ നിയന്ത്രണം വ്യായാമ പദ്ധതി |
| **അടങ്കൽ** | ₹ 3,00,000.00<br>(വികസന ഫണ്ട് ജനറൽ) |
| **ചെലവ് (₹)** | ₹ 2,21,603.00 |
| | ₹ 14950 (BRN No.22180352017001287454/04.03.23) |

| | |
|---|---|
| | ₹ 24599 (BRN No.22180352017001349865/14.03.23) |
| | ₹ 26136 (BRN No.22180352017001141663/06.02.23) |
| | ₹ 16620 (BRN No.22180352017000990110/04.01.23) |
| | ₹ 19398 (BRN No.22180352017000739155/06.11.22) |
| | ₹ 14950(BRN No.22180352017000620364/07.10.22) |
| | ₹ 12350(BRN No.22180352017000508825/04.09.22) |
| | ₹ 76600(BRN No.22180352017000428279/17.08.22) |
| | ₹ 16000(BRN No.22180352017000850825/02.12.22) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

27.11.2023 ൽ, നേരിൽ പരിശോധിച്ചതിൽ, ഫിറ്റ്നസ്സ് സെന്റർ തൃപ്തികരമായി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. എന്നാൽ, സ.ഉ.(കൈ)നം115/2022/തസ്വഭവ തിയ്യതി 28-05-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നല്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നൂതനപ്രോജക്ടിന് അംഗീകാരം ലഭിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഹോണറേറിയം നൽകിയത്(₹) | ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങിയത്(₹) | വണ്ടിവാടക നൽകിയത്(₹) | ഭക്ഷണം നൽകിയത്(₹) | മറ്റ് ചെലവുകൾ(₹) |
|---|---|---|---|---|
| 1,82,850.00 | 24,599.00 | 930.00 | 7,338.00 | 5,886.00 |

മേൽ പ്രകാരം, ഓണറേറിയം ഇനത്തിൽ ₹ 1,82,850.00 മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് (നം.13/22-23/25.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം സ്റ്റേറ്റ് കോർഡിനേഷൻ കമ്മിറ്റി 2024-25 വർഷത്തേക്കുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഒരു വർഷത്തേക്ക് മാത്രമായാണ് അംഗീകാരം നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പദ്ധതി നടപ്പലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-33 ചാണകം ഉണക്ക് യന്ത്രം-നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു-30 ലക്ഷം രൂപ പാഴായി.

ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ നിന്ന് മഴക്കാലത്ത് ചാണകം ഉണക്കിപ്പൊടിയാക്കി വിതരണം നടത്താൻ ലക്ഷ്യമിട്ട് നൂതന പദ്ധതിയിൽ ഉൾപ്പെടുത്തി ചാണക ഉണക്ക് യന്ത്രം വാങ്ങിയിട്ടുണ്ട്. പ്രോജക്ട് വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട്** | ചാണകം ഉണക്ക് യന്ത്രം |
| **പ്രോജക്ട് നമ്പർ** | 203/21-22 |
| **അടങ്കൽ** | ₹ 30,00,000.00(ധനകാര്യകമ്മീഷൻ അവാർഡ്) |
| **ചെലവ്** | ₹ 29,59,696.00 |

| | |
|---|---|
| **വൗച്ചർ നമ്പർ/തിയ്യതി** | XVFC/2021-22/p/6=29.12.2021=2651378<br>XVFC/2021-22/p/57=4.2.2022=308318 |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വെറ്ററിനറി സർജൻ |

ചാണക ഉണക്ക് യന്ത്രം (Dung Dewatering Machine) വാങ്ങിയിരിക്കുന്നത് Farms Dairy Pvt.Ltd. , എടപ്പള്ളിയിൽ നിന്നാണ്. യന്ത്രം 08.07.2022 നാണ് ക്ഷീരമേഖല വികസന സംഘം നൂൽപ്പുഴയുടെ പ്രസിഡന്റായ ശ്രീ.റെജി വെറ്ററിനറി സർജനിൽ നിന്ന് ഏറ്റുവാങ്ങിയത്. 18.07.2022- ന് തന്നെ യന്ത്രത്തിന്റെ തകരാറ് കാണിച്ച് കൊണ്ട് ക്ഷീരമേഖല വികസന സംഘം നൂൽപ്പുഴ വെറ്ററിനറി സർജ്ജന് കത്ത് നൽകിയിട്ടുണ്ട്. വാങ്ങിയതിന് ശേഷം നിഷ്ക്രിയ ആസ്തിയായി യന്ത്രം സൂക്ഷിക്കപ്പെട്ടതിനാൽ, 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-15 പ്രകാരം ചെലവ് തുക തടസ്സപ്പെടുത്തിയിരുന്നു (29,59,696 രൂപ). 2022-2023 വർഷം ചെലവ് നടത്തിയിട്ടില്ല. എന്നാൽ, 04.06.2022 തീയതിയിലെ ഭരണസമിതി തീരുമാന (നം. 12/2) പ്രകാരം, പ്രതിമാസ വാടകയായി 10400/-രൂപ എല്ലാ മാസവും 20-ാം തീയ്യതിക്കു മുമ്പ് പഞ്ചായത്തിൽ അടക്കണമെന്നും, ലോഗ്ബുക്ക് സൂക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഭരണസമിതി തീരുമാന (നം. 4/1/29.04.2023) പ്രകാരം യന്ത്രം വിതരണം ചെയ്ത കമ്പനിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് വെറ്ററിനറി സർജ്ജൻ നൂൽപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ, 27.11.2023ൽ, ശ്രീ.റെജി, പെരിങ്ങനത്തിന്റെ വീട്ടിൽ നിർവ്വഹണോദ്യഗസ്ഥനായ വെറ്ററിനറി സർജ്ജനുമായി നേരിൽ പരിശോധിച്ചതിൽ ചാണക ഉണക്ക് യന്ത്രം ക്ഷീര സംഘം പ്രസിണ്ടന്റ് ശ്രീ. റെജി പെരിങ്ങനത്തിന്റെ വീട്ടിൽ ഉപയോഗ ശൂന്യമായി ടാർപോളിൻ ഷീറ്റിൽ പൊതിഞ്ഞു വെച്ചിരിക്കുകയാണ് എന്ന് ബോധ്യപ്പെട്ടു. എന്നാൽ നാളിതുവരെ ശ്രീ.റെജി വാടക അടവാക്കിയിട്ടില്ല. യന്ത്രം പ്രവർത്തിപ്പാക്കാതിരുന്നതിനാലാണ് തുക അടവാക്കാതിരുന്നത്.




ചാണക ഉണക്ക് യന്ത്രം ഉപയോഗിക്കാനാവാതെ ഉരുമ്പെടുത്ത് കിടക്കുന്ന നിലവിലെ അവസ്ഥ..






21/04/2023 തീയതിയിൽ വെറ്ററിനറി സർജ്ജൻ, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം, 20/04/2023 തീയതിയിൽ നൂൽപ്പുഴ മൃഗാശുപത്രിയിൽ HDC യോഗത്തിൽ ചാണക ഉണക്ക് യന്ത്രത്തിന്റെ പ്രവർത്തനക്ഷമത ചർച്ച ചെയ്യുകയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചാണക ഉണക്ക് യന്ത്രത്തിന്റെ പ്രവർത്തനക്ഷമത ഏജൻസി ഉറപ്പ് നൽകിയ രീതിയിൽ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഏജൻസിക്ക് എതിരെ നിയമ നടപടികൾ ആരംഭിക്കുന്നതിന് HDC ശുപാർശ ചെയ്തിട്ടുണ്ട്. ഭരണസമിതി തീരുമാന (നം. 4/1/29.04.2023) പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് വെറ്ററിനറി സർജ്ജൻ നൂൽപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്വീകരിച്ച നിയമ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. യന്ത്രം പ്രവർത്തനക്ഷമമല്ലാത്തിതിനാൽ തിരികെ എടുക്കണമെന്ന് അറിയിച്ച് കൊണ്ട് 18.05.2023- ന് ക്ഷീരമേഖല വികസന സംഘം നൂൽപ്പുഴ കത്ത് നൽകിയിട്ടുണ്ട്.

വെറ്ററിനറി സർജ്ജൻ, വെറ്ററിനറി ഡിസ്പെൻസറി, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തും ശ്രീ.പ്രദീപ് സുഭാഷ്, Farms Dairy Pvt.Ltd., എറണാകുളവും കരാർ ചമച്ചിട്ടുണ്ട്. എന്നാൽ, കരാറിൽ, കരാർ നമ്പറോ തീയതിയോ ചേർത്തിട്ടില്ല. കരാർ പ്രകാരം, ഇൻവോയിസ് തീയതി മുതൽ രണ്ട് വർഷത്തേക്കാണ് വാറന്റി കാലയളവ്. ഇൻവോയിസ് തീയതി 11.12.2021 ആണ്. അത് പ്രകാരം, 11.12.2023- ന് വാറന്റി കാലാവധി അവസാനിച്ചിട്ടുണ്ട്. കരാർ പ്രകാരം ഇൻസ്റ്റാൾ ചെയ്തതിനു ശേഷം മെഷീന്റെ ഫീൽഡ് ടെസ്റ്റിംഗ് നടത്തുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, മേൽ ടെസ്റ്റ് റിപ്പോർട്ട് ഫയലില്ല. അതു കഴിഞ്ഞ് 90 ദിവസത്തിനുള്ളിൽ ഗ്രാമ പഞ്ചായത്ത് മെഷീൻ പരിശോധിച്ച് (ടെക്നിക്കൽ പരിശോധന ഉൾപ്പെടെ) മെഷീൻ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയതിന് ശേഷം പേയ്മെന്റ് നൽകിയാൽ മതി. Farms Dairy Pvt.Ltd., എറണാകുളത്തിന്റെ ഇൻവോയിസ് നമ്പർ 202/14.01.2022 – 308318/-, ഇൻവോയിസ് നമ്പർ 168/11.12.2021 – 2651378/- എന്നിവ പ്രകാരം, ഒരു പരിശോധനയുമില്ലാതെ 29.12.2021- ന് 2651378/- രൂപയും 04/02/2022- ന് 308318/- രൂപയും കമ്പനിക്ക് നൽകിയിട്ടുണ്ട്. Farms Dairy Pvt.Ltd., എറണാകുളത്തിന് യന്ത്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നൽകിയ കത്തുകളുടെ വിവരം ഫയലില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/22-23/29.11.2) ലഭ്യമാക്കിയ മറുപടിയിൽ, 16.07.2023 തീയതി ഉൽഘാടനം ചെയ്ത ചാണക ഉണക്ക് യന്ത്രം നാളിതുവരെ Farms Dairy Pvt.Ltd., അവകാശപ്പെടുന്ന കാര്യക്ഷമതയോടെ പ്രവർത്തിച്ചിട്ടില്ല എന്നും ക്ഷീരമേഖല വികസന സംഘം നാളിതു വരെ വാടക അടവാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. 27.09.23 -ന് Farms Dairy Pvt.Ltd., എറണാകുളം, മാനേജിംഗ് ഡയറക്ടർ ശ്രീ. പി.പ്രദീപ് സുഭാഷിന് വക്കീൽ നോട്ടീസ് നൽകിയിട്ടുണ്ട്. തീയതി ചേർക്കാത്ത് കരാർ സാങ്കേതികമായി അസാധുവാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സാധിക്കുമോയെന്നത് നിയമോപദേശം തേടേണ്ടതാണ് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. നിയമ നടപടിയിലൂടെ ഗ്രാമ പഞ്ചായത്തിന് സംഭവിച്ച നഷ്ടം ഈടാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, തീയതിയില്ലാത്ത പ്രസ്തുത കരാറിൽ ഒപ്പിട്ടതും 29,59,696.00 രൂപ Farms Dairy Pvt.Ltd., എറണാകുളത്തിന് നൽകിയതുമായ കാലയളവിലെ വെറ്ററിനറി സർജ്ജനിൽ നിന്നും ചെലവ് തുക തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-34 വെറ്ററിനറി ലാബിലേക്ക് ഹ്യൂമൺ റീഏജന്റ് വാങ്ങി – ഉപയോഗമില്ലാതെ കാലാവധി കഴിഞ്ഞു – 6 ലക്ഷം രൂപ പാഴായി.

| | |
|---|---|
| പ്രോജക്ട് | വെറ്ററിനറി സിസ്പെൻസറിയിലേക്ക് രക്ത പരിശോധന ലാബ് ഉപകരണങ്ങളും റീഏജന്റ്സും ഫർണ്ണിച്ചറുകളും വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0055/22 |
| അടങ്കൽ | ₹ 9,00,000.00 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

| | |
|---|---|
| ചെലവ് | ₹ 9,00,000.00 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

2021-2022 വർഷം വെറ്ററിനറി സർജ്ജൻ ലാബ് ഉപകരണങ്ങൾ/റീഏജന്റ്സ് മേൽ പദ്ധതിയിലൂടെ വാങ്ങിയിട്ടുണ്ട്. 2022-23 വർഷം ചെലവില്ല. എന്നാൽ, ഭരണസമിതി തീരുമാന (നം. 14/4/06.03.2023) പ്രകാരം ഹ്യൂമൺ റീഏജന്റ്സ് നൂൽപ്പുഴ FHC ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. 27.11.2023ൽ നിർവ്വഹണോദ്യഗസ്ഥനായ വെറ്ററിനറി സർജ്ജനുമായി, നേരിൽ പരിശോധിച്ചതിൽ ലാബിൽ സൂക്ഷിച്ചിരിക്കുന്ന 2021-2022 വർഷത്തെ റീ ഏജന്റുകൾ കാലാവധി കഴിഞ്ഞിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. Laminar Airflow Cabinet ഇതുവരെ ഉപയോഗിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | സപ്ളൈ ചെയ്ത സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നം. | തുക(₹) | ബിൽ നം/തീയതി |
|---|---|---|---|---|---|
| 1 | Laminar Airflow Cabinet | ഷാലൈഫ് മെഡിക്കൽ സൊല്യൂഷ്യൻസ്, ബത്തേരി. | 357/17.12.2021 | 70,800.00 | 24/21-22 /24.12.2021 |
| 2 | റീ ഏജന്റ്സ് | മെഡിസോൺ ബത്തേരി. | S0002944/20.11.21 | 495000 | 11/21-22 /24.12.2021 |
| | | ഷാലൈഫ് മെഡിക്കൽ സൊല്യൂഷ്യൻസ്, ബത്തേരി. | 516/31.01.2022 | 12060 | 29/21-22 /17.02.2022 |
| | | പ്രോക്സിമ ബയോലൈഫ്, അമ്പലവയൽ | PBD2122-1686 | 5714 | 29/21-22 /17.02.2022 |
| **ആകെ** | | | | **5,83,574.00** | |

06/03/2023 തീയതിയിൽ വെറ്ററിനറി സർജ്ജൻ, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം, 2021-22 വർഷം, പ്രോജക്ട് നം.S0055/22 പ്രകാരം വാങ്ങിയ ലാബ് റീഏജന്റ്സ് (ഹ്യൂമൺ റീഏജന്റ്സ്) ആവശ്യകതയോ, ഉപയോഗമോ വരുന്നില്ലാത്തതിനാൽ, ലാബ് റീഏജന്റ്സ് എക്സ്പയറി കഴിയുവാൻ ഏതാനും മാസങ്ങൾ മാത്രമേ ഉള്ളൂ എന്നത് തുടർനടപടിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാന (നം. 14/4/06.03.2023) പ്രകാരം, 2021-22 വർഷം, വാങ്ങിയ ലാബ് റീഏജന്റ്സ് (ഹ്യൂമൺ റീഏജന്റ്സ്) ഇപ്പോൾ ആവശ്യമില്ല എന്നുള്ള സാഹചര്യത്തിൽ ഈ ഇനങ്ങൾ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ക്ക് കൈമാറുന്നതിന് വെറ്ററിനറി സർജ്ജൻ, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) യുടെ ആവശ്യകത അന്വേഷിക്കാതെ ആണ് ഭരണസമിതി തീരുമാനമെടുത്തിരിക്കുന്നത്. വെറ്ററിനറി സർജ്ജൻ, മെഡിക്കൽ ഓഫീസർ (FHC) യുമായി ഫോണിൽ സംസാരിച്ചതിൽ നിന്നും ലാബിലെ ഉപകരണങ്ങളിൽ ഉപയോഗിക്കാൻ പറ്റുന്നവയല്ല എന്നറിയിക്കുകയും വെറ്ററിനറി സർജ്ജന് ആയത് ഭരണസമിതിയെയും സെക്രട്ടറിയെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.




ഇതുവരെ ഉപയോഗിച്ചിട്ടില്ലാത്ത Laminar Airflow Cabinet

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28/22-23/29.11.2) ലഭ്യമാക്കിയ മറുപടിയിൽ,

ഭരണസമിതി തീരുമാന പ്രകാരം ഹ്യൂമൺ റീഏജന്റ്സ് കൈമാറുന്നതിന് FHC- യിലെ മെഡിക്കൽ ഓഫീസർ മുഖേന ലാബ് ടെക്നീഷ്യനെ സമീപിച്ചപ്പോൾ മേൽ പറഞ്ഞ റീഏജന്റ്സുകൾ FHC- യിലെ മെഷീനുകൾക്ക് യോജിക്കുകയില്ലെന്ന് അറിയിച്ചു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ലാമിനാർ എയർ ഫ്ലോ ക്യാബിനറ്റ്, അനുബന്ധ ഉപകരണങ്ങൾ വാങ്ങാത്തതിനാലും വെറ്ററിനറി ലാബിൽ നിലവിൽ ഉപയോഗനില്ലാത്തതിനാലും ആണ് ഉപയോഗിക്കാൻ സാധ്യമാകാതെ സൂക്ഷിച്ചിരിക്കുന്നത് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വെറ്ററിനറി ലാബിൽ ഉപയോഗമില്ലാത്ത ഹ്യൂമൺ റീഏജന്റ്സുകളും (മനുഷ്യന്റെ രക്തം ടെസ്റ്റ് ചെയ്യാനുള്ളത്) Laminar Airflow Cabinet -ഉം വാങ്ങിച്ചതിലൂടെ പദ്ധതി പണം പാഴാക്കുകയാണ് ചെയ്തിരിക്കുന്നത് .ആവശ്യകത പരിഗണിക്കാതെ തുക ചെലവ് ചെയ്ത നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി അംഗീകരിക്കാനാവില്ല. നാളിത് വരെ ഉപയോഗിക്കാതിരുന്ന റീഏജന്റ് വില/ഉപയോഗിക്കാതിരുന്ന ഉപകരണത്തിന്റെ വില നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നു. ആയത് കണക്കാക്കി തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കുന്നത് വരെ ആകെ ചെലവ് തുക ₹ 5,83,574.00 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-35 ഐ.സി.ഡി.എസ് സൂപ്പർവൈസർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.2016 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്. മേൽപറഞ്ഞ ബാങ്ക് അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 01.04.2022 -ലെ മുൻബാക്കി | 31.03.2023 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 40179101054725 | കേരള ഗ്രാമീൺ ബാങ്ക്, കെല്ലൂർ ശാഖ | 11,21,696.00 | 7,308.5 |

മേൽ ബാങ്ക് അക്കൗണ്ട് വഴി ആണ് കേന്ദ്ര വിഹിതം നൽകിയിരിക്കുന്നത്. കേന്ദ്ര വിഹിതം സെക്രട്ടറി നേരിട്ട് ഉണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ആവശ്യമില്ലാത്തത് ആണെങ്കിൽ ക്ലോസ്സ് ചെയ്യേണ്ടതാണ്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22-23/25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-36 നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം - ഒരു പാഠ പുസ്തകം

242.97 ചതുരശ്ര കീലോമീറ്റർ വിസ്തീർണമുള്ള പകുതിയിലധികം ഭൂമിയും വനമേഖലയായ , ആകെ ജനസംഖ്യയുടെ പകുതിയോളം ട്രൈബൽ പോപ്പുലേഷൻ ഉള്ള പഞ്ചായത്താണ് നൂൽപ്പുഴ. നൂൽപ്പുഴ ആരോഗ്യ കേന്ദ്രം ഫാമിലി ഹെൽത്ത് സെന്റർ (FHC) പദവിയിലുള്ളതാണ്.

ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന 23 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. 23 പ്രോജക്ടുകളും നിർവഹണം നടത്തുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ 11462538 രൂപയിൽ 10781041 രൂപയും ചെലവഴിക്കാനും മെഡിക്കൽ ഓഫീസർക്ക് സാധ്യമായിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 94.05 ശതമാനവും വിനിയോഗിക്കാനായത് നിർവഹണ ഉദ്യോഗസ്ഥന്റെ നേട്ടമായി വിലയിരുത്തുന്നു.

പ്രോജക്ട് നിർവഹണം വിലയിരുത്തുന്നതിനായി ജില്ലാ ഓഡിറ്റ് കാര്യാലയ മേധാവിയുടെ സാനിദ്ധ്യത്തിൽ ഫാമിലി ഹെൽത്ത് സെന്റർ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ആശുപത്രിയുടെ വികസന സാധ്യതകൾ പഠിച്ച് വ്യക്തമായ ആലോചനയും ആസൂത്രണവും നടത്തുകയും കൃത്യമായ

മാസ്റ്റർ പ്ലാൻ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്യുന്നതിൽ മെഡിക്കൽ ഓഫീസറുടെ മിടുക്ക് പ്രകടമാക്കുന്നതാണ് ഫാമിലി ഹെൽത്ത് സെന്ററിന്റെ ഓരോ ഇടവും. വൃത്തിയുള്ള പരസരം മാത്രമല്ല , മറിച്ച് ആകർഷണീയമായ പരിസരം ഈ ആശുപത്രിയെ വേറിട്ട് നിർത്തുന്നതായി തോന്നി. മാത്രമല്ല, രോഗികൾക്ക് യാത്ര സൗകര്യം സൗജന്യമായി നൽകുന്നതിന് സജ്ജമാക്കിയ ഇ-ഓട്ടോ സേവന രംഗത്ത് പുതിയ കാൽവെപ്പാണ് എന്ന് കാണുന്നു. ഇത് കൂടാതെ, സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് റിഹാബിലിറ്റേഷൻ സെന്റർ കെട്ടിടം, റിഹാബിലിറ്റേഷൻ കേന്ദ്രത്തിലേക്ക് ലിഫ്റ്റ് എന്നിവയും ഒരുക്കാൻ നിർവഹണ ഉദ്യോഗസ്ഥനായ ഡോ. ദാബിർ മുഹമ്മദിന് സാധ്യമായിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളുടെ നിലവാരത്തിലേക്ക് സർക്കാർ ആശുപത്രികളെ ഉയർത്താമോ എന്ന ചോദ്യത്തിന് പ്രായോഗികമായ ഉത്തരമാണ് നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്റർ.

വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ , ഫലപ്രദമായ ചികിൽസാ രീതികൾ, അത്യധുനിക ഉപകരണങ്ങൾ ഉൾപ്പെടുന്ന ഫിസിയോ തെറാപ്പി സംവിധനങ്ങൾ, ജീവിത ശൈലി രോഗങ്ങളെ തോൽപ്പിക്കാൻ ആധുനിക രീതികൾ ഉലൾപ്പെടുന്ന വർക്ക് ഔട്ട് ഉപകരണങ്ങൾ , മികച്ച മെഷിനറികൾ ഉൾപ്പെടുന്ന ലാബ്, മാനസിക ഉല്ലാസം നൽകുന്ന ഫർണിച്ചർ , പ്രകൃതിക്ക് പരിക്കേൽപിക്കാത്ത വികസന കാഴ്ച്ചപ്പാടുകൾ എന്നിവ ഫാമിലി ഹെൽത്ത് സെന്റർ സന്ദർശിക്കുന്ന ആരെയും Captivate ചെയ്യുന്ന ഘടകങ്ങളാണ്. ഏതൊരു രോഗിയുടെയും എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിധിവരെ അത്താണിയാവാനും തണലാവാനും സാധിക്കുന്ന എന്ന തോന്നൽ ഫാമിലി ഹെൽത്ത് സെന്റർ സന്ദർശിക്കുന്നവരിലേക്ക് ആവാഹിക്കാൻ സാധിക്കുന്നു എന്നത് ഈ ആശുപത്രിയെ വേറിട്ട് നിർത്തുന്നു. സ്ഥലപരിമതി മാത്രമാണ് നിലവിൽ നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്റർ അഭിമുഖീകരിക്കുന്ന എക പ്രതിസന്ധി.

പൊതു സമൂഹത്തിന് വേണ്ടി ത്യാഗം ചെയ്യാൻ തയ്യാറുള്ള ജീവനക്കാരും ആശുപത്രിയിലെ പരിമിതികളെ കുറിച്ച് യാതൊരു പരാതിയും ഇല്ലാത്ത രോഗികളും , സേവനം ജീവിതമാക്കിയ മെഡിക്കൽ ഓഫീസറും നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ വിലയേറിയ അസറ്റാണ് എന്ന് വിലയിരുത്തുന്നു.

പ്രായോഗികമായ കാഴ്ച്ചപാടുകൾ അവതരിപ്പിക്കുന്നതിലും സൗകര്യങ്ങൾ ഒരുക്കുന്നതിലും മാത്രമായി പരിമിതപ്പെടുത്താതെ നിലവിലുള്ള എല്ലാ സംവിധാനങ്ങളും വളരെ ഫലപ്രദമായ വിധത്തിൽ നിലനിർത്തുന്നതിലും മെഡിക്കൽ ഓഫീസർ ജാഗ്രത പുലർത്തുന്നു എന്നത് സർക്കാർ സംവിധാനങ്ങൾക്ക് തന്നെ മാതൃകയാണ്.

സാധ്യതകൾ വിലയിരുത്തി ഭാവനകൾ അവതരിപ്പിക്കുന്ന നിർവഹണ ഉദ്യോഗസ്ഥരും , നിർവഹണ ഉദ്യോഗസ്ഥരുടെ കാഴ്ച്ചപ്പാടുകൾക്ക് നിറം പകരുന്ന ഭരണ സമിതിയും ഉണ്ടാവുബോൾ പൊതു സമൂഹത്തിന് അസാധ്യമായത് ഒന്നുമില്ല എന്ന തിരിച്ചറിവാണ് നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്റർ നൽകുന്നത്. അതിനാൽ തന്നെ മെഡിക്കൽ ഓഫീസറും , ഫാമിലി ഹെൽത്ത് സെന്ററും സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും ഒരു പാഠ പുസ്തകമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-37 ഭവന പുനരുദ്ധാരണം - പൂർത്തിയാക്കിയില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി , ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്കായി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കുകയും നിർവഹണം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക - ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|
| 274/23 വീട് വാസയോഗ്യമാക്കൽ -ജനറൽ | 4250000 – പ്ലാൻ ജനറൽ | 3700000 |
| 275/23 വീട് വാസയോഗ്യമാക്കൽ - ടി.എസ്.പി<br>2021-22 ലെ ബാലൻസ് തുക നൽകൽ | 375000- ടി.എസ്.പി | 306000 |

പ്രോജക്ടിന്റെ ഭാഗമായി ഒരു ഗുണഭോക്താവിന് പരമാവധി നൽകുന്ന തുക 50000 രൂപയാണ്. അഡ്വാൻസ് തുക കൈപറ്റിയ ശേഷം റിപ്പയർ പ്രവൃത്തി പൂർത്തിയാക്കി ബാലൻസ് തുകക്കായി ഗ്രാമ പഞ്ചായത്തിനെ സമീപിക്കാത്ത ഗുണഭോക്താക്കൾ ഉണ്ട് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. ജനറൽ വിഭാഗത്തിൽ അലവി , ലീല, ജോണി , മോഹനൻ, ജാബിർ എന്നീ അഞ്ച് ഗുണഭോക്താക്കളും, ട്രൈബൽ വിഭാഗത്തിൽ നാണി .കെ എന്ന ഒരു ഗുണഭോക്താവും അഡ്വൻസ് തുക കൈപറ്റിയ ശേഷം റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പൊതു ടാപ്പുകളുടെ വാട്ടർ ചാർജസ് - സംയുക്ത പരിശോധന നടത്തിയില്ല.

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം തുക അടവാക്കുന്നുണ്ട്. 04/22 മുതൽ 02/23 വരെയുള്ള കാലയളവിൽ ₹ 5788.13 വാർഷിക നിരക്കിൽ 68491 രൂപ വീതവും , 03/23 ൽ 14559.12 വാർഷിക നിരക്കിൽ 172282 രൂപയും അടവാക്കി വരുന്നതായി വ്യക്തമാവുന്നു. ആകെ 142 പൊതു ടാപ്പുകളാണ് ഈ

കാലയളവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ളത് . മാർച്ച് 2023 ലെ വെള്ളക്കരം ബിൽ 935/18.03.2023 പ്രകാരം അടവാക്കിയിട്ടുണ്ട് .

വാട്ടർ ചാർജസ് സംബന്ധിച്ച ഫയൽ , രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. പൊതു ടാപ്പുകളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയ പട്ടിക ഫയലിൽ ഉണ്ട്. മാത്രമല്ല, കുടിശ്ശിഖ ഇല്ലാത്ത വിധം യഥാസമയം തുക അടവാക്കുന്നതിൽ ജാഗ്രത പുലർത്തിയിട്ടുണ്ട്.

2019 ന് ശേഷം പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നും, അവസാനമായി സംയുക്ത പരിശോധന നടത്തുന്നത് 09/2023 ലാണ് എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു.

GO(MS)11/2023/wrd/Dated 03.02.2023 ഉത്തരവ് പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരം 251.534 ശതമാനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ , നിലവിലുള്ള പൊതു ടാപ്പുകളുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കേണ്ടതും പ്രവർത്തിക്കാത്ത , വെള്ളം ലഭിക്കാത്ത പൊതു ടാപ്പുകൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് വാട്ടർ ചാർജ് അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഭരണ സമിതിയുടെ 2/1 Dated 30.05.2023 തീരുമാന പ്രകാരം സംയുക്ത പരിശോധന നടത്താൻ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 01.06.2023 ന് സെക്രട്ടറി ഈ ആവശ്യം ഉന്നയിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. വാട്ടർ അതോറിക്ക് ഓർമകുറിപ്പ് നൽകി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് പരാമർശിച്ച് ഓഡിറ്റ് എൻക്വയറി 30/30.11.2023 നൽകിയിരുന്നു. 01.12.2023 ന് വാട്ടർ അതോറിറ്റിക്ക് ഓർമകുറിപ്പ് നൽകിയിട്ടുണ്ട് എന്നും സാധ്യമായ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള ഓഡിറ്റിൽ തുടർ നടപടി വിവരം വിലയിരുത്തുന്നതാണ്.

## 1-39 റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് - പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കി

ആസ്തി രജിസ്റ്റർ - റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സംബന്ധിച്ച് സർക്കാർ താഴെ രേഖപ്പെടുത്തിയ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) PAN/3173/2021-J1(DP) Dated 31.10.2022 പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ പ്രകാരം Kerala State Remote Sensing And Environment Centre (KSREC) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും R-trac മൊബൈൽ ആപ്പിന്റെയും സേവനം പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ നിർദേശം നൽകി. എല്ലാ ജില്ലകളും 30.11.2022 ന് മുമ്പ് ഡാറ്റാകളക്ഷനും പ്രോസസ്സിങ്ങും പൂർത്തിയാക്കണം. വാർഡ് ഒന്നിന് മൂവായിരം രൂപ ചെലവഴിക്കാൻ അനുമതി നൽകി.

2) DB3/753/2013/CE/LID&EW Dated 10.11.2022 സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ - റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നിർദേശം നൽകി. അടുത്ത വർഷം മുതൽ ആർ ട്രാക്കിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും മെയിന്റെനൻസ് റോഡ് ഫണ്ട് അനുവദിക്കുക.

3) DB3/753/CE/Lid&ew (Part D) Dated 26.06.2023 പ്രിൻസിപ്പൽ ഡയറക്ടറേറ്റ് സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ - റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് പ്രവർത്തനങ്ങൾ 31.10.2023 ന് മുൻപ് പൂർത്തിയാക്കണം.

ഗ്രാമ പഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവഹണം നടത്തുന്ന 390/23 പ്രോജക്ട് തയ്യാറാക്കുകയും പ്ലാൻ വിഹിതം 51000 രൂപ വകയിരുത്തുകയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡാറ്റ കളക്ഷൻ , ഡാറ്റ അപ്പ്ലോഡിങ്ങ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി ഭരണ സമിതി തീരുമാന പ്രകാരം 34000 രൂപ ചെലഴിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിച്ച തുക ഡാറ്റ വെരിഫിക്കേഷൻ പൂർത്തിയായ ശേഷം നൽകാനും ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.

റോഡ് ഫണ്ട് അനുവദിക്കുന്നതിന്റെ അടിസ്ഥന മാനദണ്ഡം ആർ - ട്രാക്കിലെ ഡാറ്റയുടെ ആധികാരികതയാവും എന്നതിനാൽ എഞ്ചിനീയറിങ്ങ് വിങ്ങിന്റെ സഹായത്തോടെ പിഴവുകൾ ഇല്ലാത്ത വിധത്തിൽ പദ്ധതി പൂർത്തികരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 32/30.11.2023 പ്രകാരം ഈ കാര്യം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വരുന്നതായും പിഴവുകൾ ഇല്ലാത്ത വിധത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തുന്നതാണ് എന്നും വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് പരിശോധിച്ച് മാത്രമെ ഫൈനൽ അപ്പ്രൂവൽ നൽകുകയുള്ളൂ എന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 2023-24 ഓഡിറ്റിൽ തുടർ നടപടി വിവരം വിലയിരുത്തുന്നതാണ്.

## 1-40 ലൈഫ് ഭവന നിർമാണം - പൂർത്തിയാക്കിയില്ല

വി.ഇ.ഒ നിർവഹണം ഉദ്യോഗസ്ഥനായി , ലൈഫ് ഭവന പദ്ധതി പ്രോജക്ടുകൾക്കായി ഓഡിറ്റ് വർഷം 4.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കരാർ വെക്കുകയും പ്രഥമിക ഗഡു ആനുകൂല്യം കൈപറ്റുകയും ചെയ്ത ഏതാനും എസ്.സി , എസ്.ടി ഗുണഭോക്താക്കൾ ഭവന നിർമാണ പുരോഗതി കൈവരിക്കുന്നതിൽ വേഗതയില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

03/2023 ന് മുമ്പ് അവസാനമായി ധനസഹായ തുക കൈപറ്റിയ ഗുണഭോക്താക്കളുടെ നിർമാണ പുരോഗതി പ്രത്യേകം വിലയിരുത്തേണ്ടതും , പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജനപ്രതിനിധികൾ , വി.ഇ.ഒ എന്നിവരുടെ നിരന്തര ഇടപെടലും ജാഗ്രതയും ഈ കാര്യത്തിൽ അനിവാര്യമാണ്. താഴെ രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ ഭവന നിർമാണ പുരോഗതി അറിയിക്കേണ്ടതാണ് എന്ന് അവശ്യപ്പെട്ട് നൽകിയ 31/30.11.2023 ഓഡിറ്റ് എൻക്വയറി ഭവന നിർമാണം പൂർത്തിയാക്കുന്നതിന് സാധ്യമായ ഇടപെടലുകൾ നടത്തുന്നതാണ് എന്ന് വി.ഇ.ഒ അറിയിച്ചു.

| | ഗുണഭോക്താവ് | വാർഡ് | കൈപറ്റിയ തുക | അവസാനം തുക കൈപറ്റിയ തിയ്യതി |
|---|---|---|---|---|
| 132/23 ലൈഫ് ഭവന പദ്ധതി -SCP, ധനസഹായ തുക 400000 | | | | |
| 1 | സുനിത W/o രജിത്ത് | 16 | 360000 | 30.11.2022 |
| 2 | അജിത W/o നഞ്ചുണ്ടൻ | 15 | 360000 | 03.08.2022 |
| 3 | സുമേഷ് S/o ഗോപാലൻ | 15 | 360000 | 10.08.2022 |
| 4 | കൃഷ്ണൻ കുട്ടി S/o നാടി | 14 | 360000 | 10.05.2022 |
| 5 | കോപ്പി W/o ബാലൻ | 14 | 360000 | 13.09.2022 |
| 6 | ജാനു W/o കേശവൻ | 11 | 200000 | 10.05.2022 |
| 133/23 ലൈഫ് ഭവന പദ്ധതി -TSP, ധനസഹായ തുക 600000 | | | | |
| 7 | ലീല W/o രാജൻ | 7 | 440000 | 24.03.2023 |
| 8 | സുനിത W/o രമേഷ് | 12 | 380000 | 25.01.2023 |
| 9 | ശുഭ W/o ഭാർഗവൻ | 8 | 440000 | 20.12.2022 |
| 10 | ചിങ്കിനി W/o ചുണ്ടൻ | 15 | 440000 | 25.01.2023 |
| 11 | രാധിക | 8 | 380000 | 21.06.2023 |
| 12 | ചീരു W/o വള്ളി | 12 | 380000 | 20.12.2022 |
| 13 | ശോഭന | 8 | 380000 | 21.06.2023 |
| 14 | ബാബു | 10 | 380000 | 14.10.2022 |
| 15 | മദനൻ | 7 | 480000 | 20.12.2022 |
| 16 | ചെമ്പ്യ W/o വെള്ള | 11 | 480000 | 18.05.2023 |
| 17 | സുധ W/o സാബു | 11 | 180000 | 20.07.2021 |
| 18 | കുളിയൻ S/o വള്ളി | 7 | 440000 | 21.06.2021 |
| 19 | വള്ളി | 9 | 120000 | 05.07.2022 |
| 20 | ഗീത സുകുമാരൻ W/o | 7 | 180000 | 04.05.2022 |
| 21 | ഷീബ W/o ശശി | 5 | 480000 | 14.10.2022 |
| 22 | അഖില W/o ബാലൻ | 11 | 300000 | 21.07.2022 |
| 23 | ചുക്കി W/o പാലൻ | 11 | 300000 | 28.09.2021 |
| 24 | നായകത്തി W/o സോമൻ | 11 | 480000 | 21.06.2023 |
| 25 | സതീഷ് S/o വെള്ള | 11 | 480000 | 21.06.2023 |
| 26 | ചുണ്ട W/o കുലിയൻ | 11 | 480000 | 21.06.2023 |
| 27 | അംബിക W/o രവി | 11 | 120000 | 08.11.2021 |
| 28 | ഉണ്ണൻ S/o വെള്ളൻ | 5 | 180000 | 22.03.2023 |
| 29 | പാത്ത W/o ചോത്ത | 16 | 300000 | 25.02.2023 |
| 30 | രാധ W/o വിജയൻ | 5 | 180000 | 28.02.2023 |
| 31 | ലക്ഷ്മി W/o രവി | 7 | 380000 | 27.09.2021 |
| 32 | ഉണ്ണി W/o കേശവൻ | 7 | 60000 | 10.01.2023 |
| 33 | സുധീഷ് S/o കേശവൻ | 3 | 120000 | 05.07.2022 |
| 34 | സീന W/o വാസു | 12 | 170000 | 30.03.2023 |
| 35 | മഞ്ജു W/o അജിത്ത് | 12 | 240000 | 21.06.2023 |
| 36 | പ്രിയ W/o സുരേഷ് | 12 | 60000 | 24.03.2023 |

| | | | | |
|---|---|---|---|---|
| 37 | രുഗ്മിണി D/o ഒടുക്കൻ | 11 | 340000 | 08.09.2023 |

## 1-41 മരാമത്ത് പ്രവൃത്തികളിലെ ഗ്യാരണ്ടികാലയളവിലെ അറ്റകുറ്റപണികൾ കരാറുകാർ ചെയ്യുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ മേഖലകളിൽ മരാമത്ത് പ്രവർത്തികൾ നിർവ്വഹിച്ചുവരുന്നുണ്ട്. ഈവിധം നിർവ്വഹിച്ചുവരുന്ന ഓരോ മരാമത്ത് പ്രവൃത്തിക്കും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്യാരണ്ടി കാലയളവുകളും നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ (എ.സി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ നം. എ,സി2/223/2015 തസ്വഭവ. സർക്കുലർ ഖണ്ഡിക 3 പ്രകാരം മരാമത്ത് പ്രവൃത്തിയുടെ ഗ്യാരണ്ടി കാലയളവിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണെന്നും, ഇതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു കരാറുകാരനെ കൊണ്ട് പരിഹരിക്കേണ്ടതും ആയതിന് വേണ്ടിവരുന്ന ചെലവ് കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്നും വസൂലാക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിധം നിർമ്മാണപ്രവർത്തനങ്ങളിൽ അപാകങ്ങൾ സംഭവിചിട്ടുണ്ടോ എന്നുള്ള ഫിൽഡ് തല പരിശോധനയിലൂടെ നിർണ്ണയിക്കേണ്ടതാണ്. അതുപ്രകാരമുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട് കരാറുകാരെ കൊണ്ടുതന്നെ നിർവ്വഹിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും പ്രസ്തുത വിഷയം ചർച്ച ചെയ്യേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 30.11.22 ലെ 3/1 നമ്പർ തീരുമാനപ്രകാരം മാളപ്പുരക്കുന്ന് മണലാടി റോഡ്,കരിപ്പൂര് കാട്ടുനായ്ക്കകോളനി റോഡ് എന്നിവ(2021-22 ൽ നിർമ്മിച്ചത്) പെട്ടെന്ന് കേട്പാടുകൾ വന്നതായും പരിഹരിക്കാൻ കരാറുകാരെ ഏൽപ്പിക്കണം എന്നും തീരുമാനം എടുത്തിട്ടുണ്ട്. പരിഹരിച്ചോ എന്ന് തുടർന്നുള്ള മീറ്റിംഗുകളിൽ പരിശോധിച്ചിട്ടില്ല.തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 27.11.23-29.11.23 | റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരങ്ങൾ.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 249260 | നെൽകൃഷി വികസനം ധനസഹായം - ടി എസ് പി | 249260 |
| ജില്ല പഞ്ചായത്ത് | | 500000 | | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 221329 | നെൽകൃഷി വികസനം ധനസഹായം - എസ് .സി.പി | 221329 |
| ജില്ല പഞ്ചായത്ത് | | 300000 | | 300000 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 482400 | പാലിന് സബ്സിഡി ജനറൽ | 482400 |
| ജില്ല പഞ്ചായത്ത് | | 663221 | | 663221 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 232845 | പാലിന് സബ്സിഡി ടി എസ് പി | 232845 |
| ജില്ല പഞ്ചായത്ത് | | 0 | | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1100000 | ആർദ്രം ദീപം -സമഗ്ര വൈകല്യ പുനരുജ്ജീവന സാമൂഹിക പദ്ധതി | 1100000 |
| ജില്ല പഞ്ചായത്ത് | | 0 | | 0 |
| ജില്ല പഞ്ചായത്ത് | | 250000 | ലൈഫ് ഭവന നിർമ്മാണം | 250000 |
| ജില്ല പഞ്ചായത്ത് | 2022-23 | 269525 | ഭിന്നശേഷി സ്കോളർഷിപ്പ് | 269525 |
| ബ്ലോക്ക് പഞ്ചായത്ത് | | 1100000 | | 1100000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 47140000/- രൂപ വരവുണ്ട്. മുൻബാക്കി 22479821/- രൂപയടക്കം ആകെ 69619821/- രൂപയിൽ നാളിത് വരെ 69520687/- രൂപ വിനിയോഗിച്ചിട്ടുണ്ട്.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സാഫല്യം ഭവനനിർമ്മാണപദ്ധതി | G.O.(MS) 83/13/11.03.13 | 20000000 | 2265034 | 2600000 | 227802 | 05.01.2023 ന് ക്ലോസ് ചെയ്തു. |
| KURDFC | GO(MS)2278/18/08/18 | 91359000 | 91359000 22479821 | 7570258 | | 62049563 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 484585/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2018-19 | 1-31 | 484585 | ഹുസൈൻ, കളത്തിൽ , പാലക്കാട് | 1220203130 തീയ്യതി 07.01.2023 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 133889546 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 122548293 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 97076 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2959696 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2235965 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| **ഖണ്ഡിക നമ്പർ** | **നഷ്ടമായ തുക** | | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|---|
| | **ചാർജ് ചെയ്യാവുന്നവ** | **സർചാർജ് ചെയ്യാവുന്നവ** | |
| 1-15-1 | 93643 | | ശ്രീമതി. ജയസുധ. കെ.എ. സെക്രട്ടറി |
| 1-15-2 | 3433 | | ശ്രീമതി. ജയസുധ. കെ.എ. സെക്രട്ടറി |
| 1-33 | | 2959696 | ഡോ. കെ.അസൈനാർ, വെറ്റിനറി സർജൻ |
| ആകെ | 97076 | 2959696 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-22 | 892356 | ശ്രീ. വിപിൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 155614 | ശ്രീമതി. വിനീത. സി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 604421 | ശ്രീമതി. ബിന്ദു ബെന്നി ,ഹെഡ്മിസ്ട്രസ് |
| 1-34 | 583574 | ഡോ. കെ.അസൈനാർ, വെറ്റിനറി സർജൻ |
| ആകെ | 2235965 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീമതി. ബിന്ദു ബെന്നി ,ഹെഡ്മിസ്ട്രസ് | ഹെഡ് മാസ്റ്റർ,<br>GLPS കല്ലുമുക്ക് | വെള്ളാമറ്റത്തിൽ ഹൗസ്,<br>നൂൽപ്പുഴ<br>വയനാട് ജില്ല -673592 |
| ഡോ. കെ.അസൈനാർ, വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, സുൽത്താൻ ബത്തേരി | കക്കാട്ടേരി ഹൗസ്,<br>നായ്ക്കട്ടി,<br>സുൽത്താൻ ബത്തേരി,<br>വയനാട് -673592 |
| ശ്രീ. വിപിൻ , അസിസ്റ്റന്റ് എഞ്ചിനീയർ | ജീവനക്കാരൻ അവധിയിലാണ് | വർഷ<br>ഹാർമണി സ്ട്രീറ്റ്,<br>പട്ടാമ്പി<br>പാലക്കാട് - 679303 |

| | | |
|---|---|---|
| ശ്രീമതി. വിനീത. സി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അമ്പലവയൽ ഗ്രാമ പഞ്ചായത്ത്. | മണൽ വയൽ പൗസ്, കേണിച്ചിറ വയനാട് -673596 |
| ശ്രീമതി. ജയസുധ. കെ.എ. സെക്രട്ടറി | സെക്രട്ടറി, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് | പാടിപ്പറമ്പ് ഹൗസ്, ചുള്ളിയോട് പി.ഓ വയനാട് - 673595 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 9.1 | 2003-04 | 3-12(5) | കൽക്കെട്ട് ചെക്ക് ഡാം നിര്മ്മാണം | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിയമ സഭാ സമിതിക്ക് മറുപടി നല്കിയിട്ടുണ്ട്. |
| 2016-17 | 2-2 | 2017-18 | 1.12.4 | റിസോർട്ടുകളെ ലോഡ്ജായി കണക്കാക്കി നികുതി നിർണയിച്ചു. | മുൻകാല പ്രാബല്യത്തോടെ നികുതി പുനർ നിർണയിച്ച് ഈടാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 2-4 | 2017-18 | 1.12.5 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ , ആയുർവ്വേദ കേന്ദ്രങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടില്ല | സഞ്ചയയിൽ നികുതി നിരക്ക് നിർണയിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. കെ. എസ് എ ഡി ഓഡിറ്റിലേയ്ക്ക് നൽകിയിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് (ഡബ്ല്യു) P4-966/08(1)Dated 06.09.2008 | 31 |
| 1999-2000 | എൽ. എഫ് (ഡബ്ല്യു) P4-351/18.Dated 21.05.2018 | 3 |
| 2000-01 | എൽ. എഫ് (ഡബ്ല്യു) പി1-188/02 Dated 07.06.2003 | 33 |
| 2001-02 (പ്ലാൻ) | എൽ. എഫ് (ഡബ്ല്യു) P3-467/04 Dated 14.10.2004 | 11 |
| 2001-02 | എൽ. എഫ് (ഡബ്ല്യു) P4-406/05 Dated 08.01.2008 | 5 |
| 2002-03 | എൽ. എഫ് (ഡബ്ല്യു) പി4-107/07 Dated 12.02.2008 | 1 |
| 2003-04 | എൽ. എഫ് (ഡബ്ല്യു) P4-661/08(1) Dated 04.12.2008 | 11 |

| | | |
|---|---|---|
| 2004-05 | എൽ. എഫ് (ഡബ്ല്യൂ) P4-351/18 Dated 21.05.2018 | 2 |
| 2005-06 | എൽ. എഫ് (ഡബ്ല്യൂ) P4-66/08 Dated 11/06/2019 | 2 |
| 2006-07 | എൽ. എഫ് (ഡബ്ല്യൂ) P4-841/09. Dated 8.1.2010 | 16 |
| 2007-08 | എൽ. എഫ് (ഡബ്ല്യൂ) P4-842/09/ Dated 7.1.2010 | 21 |
| 2008-09 | എൽ. എഫ് (ഡബ്ല്യൂ) P4-388/11/Dated 1.10.2011 | 39 |
| 2009-10 | എൽ. എഫ് (ഡബ്ല്യൂ) P4-461/11/ Dated 11/06/2019 | 15 |
| 2010-11 | എൽ. എഫ് (ഡബ്ല്യൂ) P4-796/13 Dated 19.07.2013 | 25 |
| 2011-12 & 2012-13 | എൽ. എഫ് (ഡബ്ല്യൂ) P5-506/14 Dated 11.06.2019 | 6 |
| 2013-14 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-475/15, Dated 17.08.2016 | 12 |
| 2014-15 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-429/16 Dated 25.03.2017 | 17 |
| 2015-16 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-880/16 Dated 15.03.2019 | 25 |
| 2016-17 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4- 575/17 Dated 16.10.2018 | 20 |
| 2017-18 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4 -874/18 Dated 02/08/2019 | 16 |
| 2018-19 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4 -772/19 Dated 08/02/2020 | 16 |
| 2019-20 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4/ 20/2022 Dated 27/05/2022 | 9 |
| 2020-21 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4/ 575/2022 Dated 18/07/2022 | 29 |
| 2021-22 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4/ 197/2023 Dated 30/03/2023 | 31 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 08-05-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Noolpuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Noolpuzha Grama Panchayat for the year 2022-2023

**Date: 21/12/2023**

**Deputy Director**
**District Office Wayanad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Noolpuzha Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets( Jalanidhi, MGNREGS assets not added to Balance Sheet).

**2.Other Observations**

1. Not providing adequate provision for doubtful debts

2. Cash flow statement -Net increase/decrease in cash flow does not match with the difference between the opening balance and the closing balance of cash and cash equivalents.

3. The following mandatory financial statements prescribed in accounting rules are not submitted for audit.

Accounting Notes, Ratios & Previous years comparisons.

4. Lapse in making timely and accurate demand entries in respect of tax and non tax revenue, eg:-Building Tax, Profession Tax & FTEOS Licence.

5. Demand registers are not periodically reconciled with accounts

6. Building Tax Demand register, Profession Tax Register, Advance Register, FTEOS Licence Register does not match with Financial statement.
7. Stock Register, Asset Register, Building Permit Regularisation registers not produced.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## Abstracts of Annual Financial Statements

**Noolpuzha Grama Panchayat**
**BALANCE SHEET**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 32312667.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 227837.00 |
| 312000000 | Reserves | B-3 | 153122009.00 |
| | **Total Reserve & Surplus** | | **185662513.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 43954609.00 |
| | **Total Grants, Contributions for Specific Purposes** | | **43954609.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 62118742.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **62118742.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1271644.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2514091.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3785735.00** |
| | **TOTAL LIABILITIES** | | **295521599.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 16365055.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 12721081.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 22190132.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 156959432.00 |
| 416000000 | Accumulated Depreciation | B-11(a) | -29730766.00 |
| | **Total Fixed Assets** | | **178504934.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by JAYAS
Date: 2023.07.26 12:23:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12071027.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 62088742.00 |
| 450000000 | Cash and Bank Balance | B-17 | 40545668.00 |
| 460000000 | Loans, Advances and Deposits | B-18 | 2311228.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **117016665.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **295521599.00** |

**Noolpuzha Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6324244.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 130235.00 |
| 140000000 | Fee & User Charges | I-4 | 1551406.00 |
| 150000000 | Sale & Hire Charges | I-5 | 320640.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 278545371.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 569021.00 |
| 180000000 | Other Income | I-9 | 3300.00 |
| 190000000 | Prior Period Income | I-19 | 142488.00 |
| | **Total Income** | | **287444217.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14976179.00 |
| 220000000 | Administrative Expenses | I-11 | 1435551.00 |
| 230000000 | Operations & Maintenance | I-12 | 2048339.00 |
| 240000000 | Interest & Finance Charges | I-13 | 564337.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 20614262.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 86939456.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 16791351.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 92463198.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 44075400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1947160.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by JAYAS
Date: 2023.07.26 12:23:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 11577983.00 |
| | **Total Expenditure** | | **293433216.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5988999.00** |
| | **Gross Surplus / Deficit of income over Expenditure** | | **-6123926.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 7561.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **134927.00** |

# Noolpuzha Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 29063305.00 |
| Cash | Cash | RP-40(a) | 141110.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1484463.00 |
| 130000000 | Rental income from Panchayat Properties | RP-3 | 11400.00 |
| 140000000 | Fees & User Charges | RP-4 | 952871.00 |
| 150000000 | Sale & Hire Charges | RP-5 | 320640.00 |
| 151000000 | Receipts from Transferred Institutions | RP-6 | 19651.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13932000.00 |
| 171000000 | Interest Earned | RP-9 | 569021.00 |
| 190000000 | Prior Period Income | RP-11 | 32050.00 |
| 210000000 | Establishment Expenses | RP-12 | 1529.00 |
| 230000000 | Operations & Maintenance | RP-14 | 1370.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 3439.00 |
| 311000000 | Earmarked Funds | RP-28 | 6962.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 59812389.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8743800.00 |
| 460000000 | Loans, Advances and Deposits | RP-49 | 44000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3300.00 |
| 330000000 | Secured Loans | RP-31 | 47140000.00 |
| 340000000 | Deposits Received | RP-33 | 39285.00 |
| 350000000 | Other Liabilities | RP-35 | 771376.00 |
| | **Grand total** | | **163093961.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 41760.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 567605.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11842363.00 |
| 460000000 | Loans, Advances and Deposits | RP-49 | 2592061.00 |



Digitally signed by JAYAS
Date: 2023.07.26 12:24:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 58800.00 |
| 350000000 | Other Liabilities | RP-35 | 107445704.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 40464663.00 |
| Cash | Cash | RP-40(b) | 81005.00 |
| | **Grand Total** | | **163093961.00** |



**Deputy Director,**
**District Audit Office Wayanad**